The second point is that there are 62 members and two days for debate. And of the 62, 45 members had given their names. I had, therefore, to exercise my discretion. I may add that if any member could not have got a chance then, they have an opportunity in the course of the budget discussion to speak what they had to say then.

DEMANDS FOR GRANTS.

DEMAND I—Excise Department.

Mr. P. G. NARAYANAN UNNITHAN : Sir, I rise to move for a grant of Rs. 12,15,948 under Demand I—Excise Department.

Motion No. 1.

Mr. P. S. MAHOMED (*Nominated*) : I move the following motion :

To reduce the allotment of Rs. 1,25,473 for Salaries and Establishment by Re. 1.

"To urge the necessity of more control over the staffs sanctioned at chowkeys".

Mr. P. S. MAHOMED : സർ, എക്സൈസ് ഡിപ്പാർട്ടമെന്റിന്റെ ഇന്നത്തെ മേധാവി തന്റെ ഭരണം കൈയ്യേറ്റതിനുശേഷം ഈ ഡിപ്പാർട്ടമെന്റു വളരെ പ്രശസ്തിയേറിയ സ്ഥാനത്തിൽ എത്തിയിട്ടുണ്ടെന്നുള്ള സംഗതിയിൽ എനിക്കു അഭിപ്രായവ്യത്യാസം യാതൊന്നുമില്ല. വാസ്തവത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകതന്നെ ചെയ്യുന്നു. അദ്ദേഹം ഭരണമേറിയതിനുശേഷം സിൽബന്ധികളുടെ അഴിമതിക്കു വളരെ വലുതായ കുറവുവന്നിട്ടുണ്ടെന്നുള്ള സംഗതിയിലും എനിക്കു അഭിപ്രായവ്യത്യാസമില്ല. എന്നാൽ ചെക്കുകളിൽ ജോലിനോക്കുന്നതായ താഴ്ന്ന ശമ്പളക്കാരുടെ അഴിമതി ഇതുവരെ കുറഞ്ഞു എന്നു പറയുവാൻ നിവർത്തിയില്ല. അതുകൊണ്ടു ഇപ്പോൾ ശേഷിച്ചിട്ടുള്ള ചിലരുടെ അഴിമതികൾക്കു കൂടി അദ്ദേഹം കൂടുതൽ ശ്രദ്ധപതിച്ചു് അതിനെ നിശ്ശേഷം ഇല്ലാതാക്കുന്നതിനുവേണ്ടി മാത്രമാണു ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്. ചെക്കുകളിലെ ഉദ്യോഗസ്ഥന്മാർക്കുമിക്കവാറും വള്ളക്കാർ, വണ്ടിക്കാർ ഇങ്ങനെയുള്ള ആളുകളുടെ അടുക്കലാണു അവരുടെ ദുസ്സാമർത്ഥ്യം കാണിക്കുന്നതിനു അവസരം ലഭിക്കുന്നതു്. ഒന്നാമതായി ഇങ്ങിനെയുള്ള ആളുകളോടു മര്യാദയായി പെരുമാറണമെന്നുള്ള സംഗതി നിഷ്കർഷിക്കണം. രണ്ടാമതായി കാപ്പി കുടിക്കുന്നതിനുള്ള കാശിനുവേണ്ടി ഒരു വണ്ടിക്കാരനേയോ വള്ളക്കാരനേയോ രണ്ടുനാലു മണിക്കൂർവീതം താമസിപ്പിക്കുന്ന സമ്പ്രദായം ഇല്ലാതാക്കണം. ഇതിനുംപുറമേ ഏതെങ്കിലും ഒരു സ്ഥലത്തുകൂടി പോകേണ്ടതായി വരേണ്ട സന്ദർഭത്തിൽ യാത്രക്കാരുടെ കൈവശമുള്ള ട്രങ്കോ ബാഗോ മുറുക്കം പരിശോധിക്കേണ്ടതു ആവശ്യമാണ്. എന്നാൽ അതു വണ്ടിയിൽനിന്നും ഇറക്കി മറൊരുസ്ഥലംവരെ കൊണ്ടുപോകാൻ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUNJU (*Ambalapuzha* cum *Shertalai*) : എല്ലാ ചന്തകളിലും ഈ അഴിമതികാണാറുണ്ടോ ?

MR. P. S. MAHOMED : എല്ലാ സ്ഥലങ്ങളിലും ഞാൻ പോയിട്ടില്ല. പോയിട്ടുള്ളതായ സ്ഥലങ്ങളിൽ ഇങ്ങനെ കണ്ടിട്ടുണ്ട്.

PRESIDENT : I may inform the honourable members that the mover of the motion and the official member have 10 minutes each for their speech. All the others have five minutes each. If there are too many points raised by way of questions that may seriously curtail the right of debate and it would make it difficult for honourable members to present all their points usefully and effectively. But if there are misstatements and misapprehensions to be cleared, I do not object to honourable members putting questions. Merely for the sake of satisfying their unquenchable thirst questions need not be put. If any honourable member wants to put questions, that may be done after the honourable member who speaks has sat down on finishing his speech.

MR. P. S. MAHOMED : മിക്കവാറും എല്ലാ ചന്തകളിലും കണ്ടേക്കാം. അപൂർവ്വം ചില ചന്തകളിൽമാത്രം ഇതു ഉണ്ടായിരുന്നാലും അതു ഇല്ലാതെയാക്കണം. ഈ സംഗതികളിൽ എക്സൈസ് കമ്മീഷണർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

MR. R. MADHAVAN NAIR (*Karunagapally* cum *Karthigapally*): സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ അടുത്തകാലത്തു തടികൾക്കും അതിൽനിന്നുണ്ടാകുന്ന ചില സാധനങ്ങൾക്കുമായി ഗവണ്മെൻറു തീരുവ ചുമത്തിയിട്ടുണ്ട്. ആ നിയമത്തിൻെറ അർത്ഥവ്യാപ്തിയിൽ പെടാത്ത പല സാധനങ്ങളും ചന്തകളിൽ അനാവശ്യമായി തടഞ്ഞുനിറുത്തി ആളുകൾക്കു കഷ്ടപ്പാടുകൾക്കും നഷ്ടത്തിനും ഇടയാക്കുന്നുണ്ട്. പാഴ്തടികൾ അറുത്തു പലകകളാക്കി കെട്ടിക്കൊണ്ടു പോകുന്നതിനും തീരുവ ചുമത്തുകയും താമസിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരമുള്ള സാധനങ്ങളെ, ഏകദേശം ഒന്നരണ്ടു ആഴ്ചവരെ ചന്ത അധികാരികൾ തടഞ്ഞുനിറുത്തി വിഷമം ഉണ്ടാക്കുന്നുണ്ട്. ഈ യുദ്ധകാലപരിതസ്ഥിതിയിൽ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടേണ്ട ഈ കാലഘട്ടത്തിൽ ഈമാതിരി അർത്ഥത്തെ തെറ്റിദ്ധരിച്ചു് ഇപ്രകാരമുള്ള സാധനങ്ങളെ തടഞ്ഞുനിറുത്തുന്നതു രാജ്യത്തിനുതന്നെ വളരെ കഷ്ടത്തിനു കാരണമാണെന്നുള്ള വിവരം ഞാൻ എക്സൈസ് ഡിപ്പാർട്ടുമെൻറു മേധാവിയുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. V. MADHAVAN (*Vaikom* cum *Kottayam*): സർ, തിരുവിതാംകൂറിലുള്ള ചന്തക്കകളിൽ വളരെ പ്രാധാന്യമർഹിക്കുന്ന അരുക്കുറ്റി ചന്തക്കയുടെ സമീപമുള്ള ഒരാളാണു ഞാൻ. ചന്തക്കകളിലുള്ള കീഴ്സിൽബന്ധികം വളരെ അഴിമതികരം ചെയ്തിരുന്നതായും ഇപ്പോഴത്തെ കമ്മീഷണർ അവർകൾ ഈ സ്ഥാനത്തു വന്നതിനുശേഷം ഈ അഴിമതികർക്കു പരിഹാരം വന്നിട്ടുള്ളതായുമാണ് ഞങ്ങളുടെ അറിവ്. ഈ ഉപക്ഷേപം ഹാജരാക്കുന്ന എന്റെ സ്നേഹിതൻ പറയുന്നതുപോലെ വല്ല അതൃക്ഷേപവുമുണ്ടെങ്കിൽ അതിനു പരിഹാരം ഉണ്ടാകേണ്ടതു ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണ്. മുമ്പുണ്ടായിരുന്ന അഴിമതികർം മിക്കവാറും എക്സൈസ് കമ്മീഷണർ അവർകൾ പരിഹരിച്ചിട്ടുണ്ടെന്നുള്ളതു ഈ രാജ്യവാസികർക്കു എല്ലാവർക്കും അറിവുള്ളതാണ്. അതിനാൽ ഇപ്പോൾ എന്തെങ്കിലും അഴിമതികർം വല്ലടത്തും അവശേഷിച്ചിട്ടുണ്ടെങ്കിൽ അവയ്ക്കു ഒരു പരിഹാരം വരുത്തേണ്ടതു അത്യാവശ്യമാണെന്നു ഉൽബോധിപ്പിച്ചുകൊണ്ടു അതിലേക്കുവേണ്ടിമാത്രം ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. P. O. THOMAS: Sir, I support the motion of Mr. P. S. Mahomed. Since the introduction of the food control measures the powers of the Excise Department have become very great.

PRESIDENT: I would suggest that the honourable member would speak a little bit louder.

MR. P. O. THOMAS: We are placed at the farthermost corner of the house. I would suggest that the seats of myself and my friend may be removed to somewhere in the central portion.

PRESIDENT: Honourable members may rest satisfied that we have tried various expediencies to improve the acoustic properties of this hall. Various experts and quasi experts have been consulted in this matter. Some have suggested that the fans should be placed in the hall instead of hanging them. By adopting that and ever so many other methods we have not succeeded so far. Until we get some efficient architect, honourable members will have to follow the example of their predecessors, and I would suggest that they should shout as loud as they can as if they are shouting against somebody in their homes with whom they are very angry.

MR. P. O. THOMAS: What I would suggest is that the two seats in this corner should be placed somewhere in the vacant place in the centre.

PRESIDENT: Yes, those two last seats will be changed and will be put somewhere else. In the meanwhile the honourable member will speak loud.

MR. P. O. THOMAS: I was saying that since the introduction of the food control the subordinates of the Excise Department have become much more arrogant. They have got more opportunities to deal

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. O. Thomas]

harshly with the lower sections of the population, and I am making particular reference with regard to the chowkeys and stations situated on the frontier and the riversides in North Travancore especially Purur taluk. At those stations they stop the valloms and the boats for no reason whatsoever and unless they are satisfied they would detain the boats for hours and hours together. I would also draw the special attention of the Head of the Department regarding the very bad language they use even towards persons of respect. Without understanding the inmates of the boats or the persons in the valloms, who very often happen to be respectable persons they speak very indecent language.

PRESIDENT: In this matter I have received certain complaints and whenever I have received those complaints, either through the Excise Commissioner or directly, I have made enquiries about them. I may assure the honourable members that the very active and energetic head of the Excise Department will spare no pains to take action against any of his subordinates against whom a case of discourtesy or indecency is brought either by any member of the public or by an honourable member of the House.

MR. P. O. THOMAS: With regard to that suggestion, it will not be practicable for all people to lodge complaints for all these matters and they are really afraid that they will have to spend much of their precious time and energy for these matters. Very often they apprehend that proper redress will not be obtained.

PRESIDENT: That is rather unfortunate. What is the alternative that the honourable member suggests?

MR. P. O. THOMAS: Extreme injunctions should be issued by the Government and the head of the Department to the subordinates.

PRESIDENT: If people are not willing to come forward with complaints of their own accord, any injunction by the Government would not carry much weight. Therefore, some persons must take courage in their hands. For the information of the House the Excise Commissioner will say how many persons have been dismissed and how many suspended for long terms either for dishonesty or impoliteness.

MR. P. O. THOMAS: I do not make any insinuation about anybody.

PRESIDENT: If anybody would bring any complaint to the notice of the Government, it will be dealt with atonce.

MR. P. O. THOMAS: I am aware that the head of the Excise Department is taking particular care in these matters., But more care is needed especially regarding North Travancore. There is a feeling among the subordinates there that they are far away from the headquarters of the head of the Department and as such they are protected. Sir, I would invite the attention of the head of the Department to the chowkeys and stations on the frontier in the Parur taluk as well as the chowkeys on the riversides of that taluk.

LIBRARY ARCHIVES Kerala Legislative Assembly

MR. P. R. ATCHUTHAN (*Nominated*): സർ, ബഹുമാനപ്പെട്ട മെമ്പർ മി: പി. എസ്സ്. മുഹമ്മദ് ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ലഘുവായ ഒരു പരാമർശനത്തോടുകൂടി അനുകൂലിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അരുക്കുറ്റി ചാരായത്തെ സംബന്ധിച്ചു കുറച്ചധികം അനുഭവമുള്ള ഒരാളാണ് ഞാൻ. എപ്പോഴും കൊച്ചിയിലും തിരുവിതാംകൂറിലുമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരാളാണു ഞാൻ. ഇപ്പോഴത്തെ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷൻ, ഈ ഡിപ്പാർട്ടുമെൻറിന്റെ മേധാവിത്വം വഹിക്കുന്ന മഹാശയൻ, ഈ സ്ഥാനത്തു വന്നതിൽ പിന്നീട്, ഈ ഡിപ്പാർട്ടുമെൻറിന്റെ ഭാരവാഹിത്വം കയ്യേറ്റതിൽ പിന്നീട്, സാധാരണ ചാരായക്കടകളിൽ നടന്നു വന്നിരുന്ന പല അഴിമതികർമ്മങ്ങളും പരിഹാരമുണ്ടാക്കീട്ടുണ്ടെന്നുള്ളതു സന്തോഷപ്രദമായ ഒരു സംഗതിയാണ്. വള്ളത്തിലും ബോട്ടിലും യാത്ര ചെയ്യുന്ന അവസരങ്ങളിൽ അതുവഴിക്കു വരുന്നവരെ പരിശോധനക്കായി തടഞ്ഞുനിറുത്തി പല അവസരങ്ങളിലും ബുദ്ധിമുട്ടിച്ചിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ അടുത്തകാലത്തു് ഈവിധ പരാതികൾക്കു വളരെ കുറവു വന്നിട്ടുണ്ട്. കീഴ്സിൽബന്ധികളിൽനിന്നും ഉപദ്രവങ്ങൾക്കിടവരുമ്പോൾ വിവരം ഈ മഹാനുഭാവനെ അറിയിച്ചാൽ അദ്ദേഹം അപ്പോഴപ്പോൾതന്നെ അവയ്ക്ക് പരിഹാരമുണ്ടാക്കി കൊടുത്തിട്ടുണ്ടെന്നാണ് എന്റെ അനുഭവത്തിൽനിന്നും ഞാൻ ധരിച്ചിട്ടുള്ളതു്. ഇനിയും അവരുടെ ഉപദ്രവങ്ങൾ അവശേഷിച്ചിട്ടുണ്ടെങ്കിൽ അവയ്ക്കും വേണ്ട പരിഹാരം ഉണ്ടാക്കിത്തരുമെന്നു വിശ്വസിക്കുകയും അതോടുകൂടി ഈ പ്രമേയത്തെ അനുകൂലിക്കയും ചെയ്യുകൊള്ളുന്നു.

MR. E. K. MADHAVAN : എന്റെ മാന്യസ്നേഹിതൻ മി: പി. എസ്സ്. മുഹമ്മദ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുന്നതോടുകൂടി എക്സൈസ് ഡിപ്പാർട്ടുമെൻറിലെ അഴിമതികളെ പരാമർശിച്ചു രണ്ടുവാക്കു സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. പറവൂർതാലൂക്ക് ഈ രാജ്യത്തെ വടക്കെ അതിർത്തിയിലുള്ള ഒരു താലൂക്കാകുന്നു. ഈ താലൂക്കിൽ എക്സൈസ് ചാരക്കടകൾ ധാരാളമുണ്ടെന്നാണും. ഈ രാജ്യത്തു്, അതായതു പറവൂർതാലൂക്കിൽ ഉണ്ടാകുന്ന നെല്ലു് അയൽരാജ്യമായ കൊച്ചിയിലും അടുത്തു മറ്റു പല സ്ഥലങ്ങളിലും കടത്തുപോകുന്നുണ്ടെന്നുള്ള സംശയംമൂലം ധാരാളം എക്സൈസ്കാരെ അവിടെ നിയമിച്ചിട്ടുണ്ട്. എന്നാൽ അവർ പൊതുജനങ്ങൾക്കു ഉപദ്രവകരമായ പല കാര്യങ്ങളും ചെയ്തുവരുന്നുണ്ടെന്നുള്ള സംഗതിക്കുടി ബഹുമാനപ്പെട്ട ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനെ അറിയിക്കണമെന്നു വിചാരിക്കുന്നു. കൊച്ചിക്കു അടുത്തുള്ള സ്ഥലങ്ങളിൽനിന്നും നെല്ലു് കൊണ്ടുകൊണ്ടുവരുന്ന അവസ

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan]

രങ്ങളിൽ ചെക്കുകളിൽ തടഞ്ഞു നിറുത്തുകയും അനാവശ്യമായി കാല താമസപ്പെടുത്തുകയും ചെയ്യുന്നതിനാൽ ജനങ്ങൾക്ക് വളരെ സങ്കട ങ്ങൾക്കു ഇടവരുന്നുണ്ട്. അടുത്ത വിളവു് കന്നിമാസത്തിലാണു കൊയ്തു കൊണ്ടുവരേണ്ടതു്. അനാവശ്യമായി തടസ്സം ചെയ്യുന്നതിനാൽ മഴക്കാല ങ്ങളിൽ കൂടുതൽ കഷ്ടനഷ്ടങ്ങൾക്കു ഇടവരുന്നതാണു്. കിട്ടുന്നവിളവിൽ ഒരു നല്ല ഭാഗം പാവപ്പെട്ടകാരെ ഏൽപ്പിച്ചിട്ടാണു ബാക്കി നെല്ലും കൊണ്ടു വരുന്നതു്. അതിനെ ഇപ്രകാരം അനാവശ്യമായി തടയുക എന്നുള്ള സംപ്രദായം എക്സൈസ് സിൽബന്ധികൾ കാണിച്ചുവരുന്നതു് വളരെ കഷ്ടമാണു്. ഇതു സംബന്ധിച്ചു വേണ്ടനടപടി നടത്തേണ്ടതാണെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

MR. K. BALAKRISHNA MENON : Sir I wish to invite your attention to one point. The time allotted for transport of Timber from Muringapuzha to Kandanad chowkey is very short. Even in ordinary times it takes more than five days whereas the time allowed at present is only three days. In the times of floods it takes more than seven days. I hope the honourable member, the Excise Commissioner, will take this matter into consideration and redress the grievance.

MR. P. M. VARGHESE : സർ, ബഹുമാനപ്പെട്ട മെമ്പർ മി: പി. എസ്സ്. മുഹമ്മദ് കൊണ്ടുവന്നിട്ടുള്ള ഈ ഉപക്ഷേപത്തെ ഞാൻഹാർദ്ദ മായി പിൻതാങ്ങുന്നു. തിരുവിതാംകൂറിലെ ചെക്കുകളിൽക്കൂടി കടന്നുപോ കുന്ന ഒരാളിനു അനുഭവപ്പെടുന്നതു, അവിടെ വ്യാജമായിട്ടുള്ള എന്തെ ങ്കിലും കണ്ടുപിടിക്കണമെന്നു ഉദ്ദേശത്തോടുകൂടി ഇരിക്കുന്ന ഡിപ്പാർട്ട മെൻറു സിൽബന്ധികൾക്കു കളവു് കണ്ടുപിടിക്കണമെന്നുള്ള ഉദ്ദേശ മല്ലാ, എതു കളവുതന്നെ ആയിരുന്നാലും ശരി അവക്കു വല്ലതും കിട്ടണം, എന്നാൽ എന്തും ചെയ്യേക്കാം എന്നുള്ള മനോഭാവത്തോടുകൂടി ഇരിക്കു ന്നതായിട്ടാണു്. എനിക്കു അനുഭവപ്പെട്ടിടത്തോളം ഏതു ചെക്കയിൽ ചെന്നാലും ശരി ഗവൺമെൻറുനിരോധനത്തിലുള്ള എന്തുവേണമെങ്കിലും കടത്തിക്കൊണ്ടുപോകാം, അവക്കു എന്തെങ്കിലും കൊടുക്കണമെന്നേ ഉള്ളൂ. ഇതു പതിവായിട്ടാണു് കാണുന്നതു്.

MR. P. G. NARAYANAN UNNITHAN : Can the honourable member give me one single instance which he has noticed, without generalising?

MR. P. M. VARGHESE : എത്രവേണമെങ്കിലും പറയാം. ഒന്നല്ല നൂറെണ്ണം വേണമെങ്കിലും പറയാൻ തയ്യാറാണു്.

MR. P. G. NARAYANAN UNNITHAN : ഇപ്പോൾ ഒന്നു പറഞ്ഞാൽ മതി യാകും.

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VARGHESE : തൊടുപുഴ എന്റെ ഇലക്ഷൻകാലത്തു അവിടത്തെ അസി: എക്സൈസ് കമ്മീഷണർ ആണെന്നതോന്നും, തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നു കാൺഗ്രസ്സ് സ്ഥാനാത്ഥികളായി നിൽക്കുന്ന ആരെയും അനുകൂലിക്കയില്ലെന്നും കാൺഗ്രസ് സ്ഥാനാത്ഥി കഠിക്കു വോട്ടുചെയ്താൽ നിങ്ങളുടെ കൺടാക്റ്റുകളിൽനിന്നും നിങ്ങളെ ഒഴിപ്പിച്ചുകളയുമെന്നും മറും പലരോടും പറഞ്ഞതായി എനിക്കറിയാം.

MR. A. K. BHASKAR (*Quilon* cum *Kottarakara*) : Sir, on a point of order. It is not relevant to the motion before this House.

PRESIDENT : The honourable member has made a specific charge against the Asst. Commissioner of Excise, Thodupuzha. The honourable member, I take it, says that the Asst. Excise Commissioner said that contracts would not be given if honourable members voted for the State Congress candidates. If that is the allegation, that would be enquired into.

MR. P. G. NARAYANAN UNNITHAN : Yes, sir. I will enquire into the matter. But the honourable member's point has nothing to do with the Customs Chowkeys under discussion.

PRESIDENT : The honourable member, perhaps being a new member, does not realise that today we are discussing the necessity of some control over the staff sanctioned at Customs Chowkeys. The question of liquor cantracts being withheld or punitive measures being taken against those who voted against or worked against the State Congress candidates is not in order here.

The honourable member will proceed.

MR. P. M. VARGHESE : സർ, ഞാൻ ഈ ഉദാഹരണം പറഞ്ഞതു എന്തിനാണെന്നുവച്ചാൽ താഴ്ന്നജീവനക്കാരോടു ചോദിച്ചാൽ അവർ പറയുന്നതു ഞങ്ങൾക്കു ഇതുകൂടാതെ കഴിയാൻ നിവർത്തിയില്ല, ഞങ്ങളുടെ മേലുദ്യോഗസ്ഥന്മാർ ഇങ്ങനെയൊക്കെയാണു ചെയ്യുന്നതു എന്നാണു്. അതുകൊണ്ടു മേലുദ്യോഗസ്ഥന്മാർ ചെയ്യുന്നതായ ഒരു ഉദാഹരണം പറഞ്ഞാൽ ബാക്കിയുള്ളവരുടെ കാര്യം പൊതുവേ തീരുമല്ലോ എന്നു വിചാരിച്ചാണു ഞാൻ അതു പറഞ്ഞതു്.

PRESIDENT : In other words, the honourable member's argument is that because in respect of liquor contracts that statement was made, all the customs chowkey officials were bribed. Is that the argument?

MR. P. M. VARGHESE : ഇനിയും കീഴ്സിൽബന്ധികളുടെ ഉദാഹരണം വേണമെങ്കിൽ പലതും പറയാം. അതിൽ പ്രധാനമായിട്ടുള്ളതു മാമല ചൗക്കയെ സംബന്ധിച്ചാണു്. ഈ ചൗക്കയിൽക്കൂടി പല സാധ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese.]

നങ്ങളും പലപ്പോഴും ചക്രം കൊടുത്തിട്ട് കടത്തിക്കൊണ്ടുപോകുന്നതു ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ചക്രം വാങ്ങിയ സിൽബന്ധികളുടെ പേരുകൾ ഇപ്പോൾ ഓർക്കുന്നില്ല. ഇതു സാധാരണ നടക്കുന്ന ഒരു സംഗതി ആയതുകൊണ്ട് പ്രത്യേകം നോട്ടചെയ്തില്ല എന്നു മാത്രമേ ഉള്ളൂ. ഇനി പ്രത്യേകം പ്രത്യേകം പറയണമെന്നുണ്ടെങ്കിൽ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉദ്യോഗസ്ഥമേധാവിക്കു അപ്പഴപ്പോൾ അറിവുകൊടുക്കുന്നതിനും ഞാൻ ഒരുക്കമാണ്. ഇങ്ങനെ അഴിമതി നടക്കുന്നു എന്നു വച്ചു കീഴ്സിൽബന്ധികളുടെമേൽ കുറ്റാരോപണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നില്ല. അവർ പറയുന്നതും ഏതാണ്ടു കാര്യമായിട്ടാണു എനിക്കു തോന്നിയിട്ടുള്ളതു്. എട്ടോ പത്തോ പന്ത്രണ്ടോ രൂപാ ശമ്പളംകൊണ്ടു ഇക്കാലത്തു ഒരുവനും ജീവിക്കാൻ സാധിക്കയില്ലെന്നുള്ളതു ഗവൺമെൻറിനും അറിയാവുന്ന ഒരു സംഗതിയാണു. എനിക്കു ഇവിടെ ഒരു പ്രസംഗത്തിനോ വിമർശനത്തിനോ സൗകര്യം കിട്ടാത്തതുകൊണ്ടാണു ഞാൻ ഇതെല്ലാംപറയുന്നതു. ഈ ഡിപ്പാർട്ടുമെൻറിലെന്നല്ല, എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കീഴ്ദ്യോഗസ്ഥന്മാരുടെ ജോലി ഇതു തന്നെയാണു്. അവക്കെല്ലാവക്കും കഴിവിനു മാത്രമുള്ള ശമ്പളം കൊടുത്തുകൊണ്ടു കുറ്റം പറഞ്ഞാൽ അതു നീതീകരിക്കാവുന്ന ഒരു സംഗതിയായിരിക്കും. അവക്കു് അല്പശമ്പളം മാത്രം കൊടുക്കുന്നതു നിമിത്തം ഗവൺമെൻറുതന്നെ അവരെ ഇതിലേക്കു പ്രേരിപ്പിക്കുന്നുണ്ടെന്നുവേണം വിചാരിക്കാൻ. വരവിനു വേറേ യാതൊരു മാർഗ്ഗവുമില്ലാത്ത ഒരാളെ ഉദ്യോഗത്തിൽ നിയമിക്കുകയും ശമ്പളംകൊണ്ടു ചിലവിനു മതിയാകാതെ വരികയും ചെയ്താൽ ചിലവിനുള്ള മാർഗ്ഗം മറുതരത്തിൽ ഉണ്ടാക്കുന്നതിനെപ്പറ്റി എങ്ങിനെയാണു കുറ്റപ്പെടുത്തുന്നതു്.

MR. A. K. BHASKAR: ചിലവിനു ശമ്പളം മതിയാകുന്ന ഉദ്യോഗസ്ഥന്മാർ അഴിമതിയിൽനിന്നും ഒഴിവായിട്ടുണ്ടോ?

MR. P. M. VARGHESE: മതിയായ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ അഴിമതി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അങ്ങിനെയുള്ളവരെ കഠിനമായി ശിക്ഷിക്കണമെന്നാണു് എന്റെ അഭിപ്രായം. അല്ലാതെ അല്പശമ്പളമുള്ള കീഴ്സിൽബന്ധികളെ ശിക്ഷിക്കണമെന്നുള്ള അഭിപ്രായക്കാരനല്ലാ ഞാൻ. അവക്കു മതിയായ ശമ്പളം കൊടുത്തുകൊണ്ടാണെങ്കിൽ അവരെ ശിക്ഷിക്കാം. അങ്ങനെ ശിക്ഷിക്കുന്നതിൽ ഒരു നീതീകരണമുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. G. NARAYANAN UNNITHAN : അവക്ക് മതിയായ ശമ്പളം എന്താണെന്ന പറയുവാൻ സന്മനസുണ്ടാകുമോ?

MR. P. M. VARGHESE : ഞാൻ ഒരു റസല്യൂഷൻ അയച്ചിട്ടുണ്ട്. അതു താഴ്ന്ന ജീവനക്കാക്ക് ഒരു രൂപയിൽ കുറഞ്ഞ ശമ്പളം തിരുവിതാംകൂറിൽ ഉണ്ടായിരിക്കരുതെന്നാണ്. അതു നടപ്പാകുമെങ്കിൽ ഇപ്പോഴത്തെ ഈ ദുഷിച്ച ഏർപ്പാടിനു ഒരു പരിഹാരമാകും എന്നാണു ഞാൻ വിചാരിക്കുന്നതു്.

MR. G. PARAMESWARAN PILLAI (*Ambalapuzha* cum *Shertallai*): സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. എക്സൈസ് ഡിപ്പാർട്ടുമെൻറുമേധാവി കീഴ്സിൽബന്ധികളും കൈക്കൂലി വാങ്ങുന്നതിനു് എന്തെങ്കിലും ഉദാഹരണം പറയാമോ എന്നു ചോദിക്കുകയുണ്ടായി. എന്നാൽ എനിക്ക് ഇതിനെ സംബന്ധിച്ചു പറയാനുള്ളതു കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും ഇവിടെ നിയമപ്രകാരം ശിക്ഷാർഹമായ കുറ്റമായിരിക്കുന്നതുകൊണ്ടു വാങ്ങിച്ചതു ഇന്നാരാണെന്നു പ്രത്യക്ഷമാക്കാൻ ആരാലുംസാദ്ധ്യമല്ല. കൈക്കൂലികൊടുക്കുന്നവർ കുറ്റക്കാരല്ലെന്നു ഒരു നിയമംവരുന്നതുവരെ കൈക്കൂലി വാങ്ങിയവരെ തെളിയിക്കാൻ സാദ്ധ്യമല്ല. എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ പ്രത്യേകിച്ചും കൈക്കൂലി വാങ്ങിക്കുകതന്നെ ചെയ്യുന്നുണ്ടു്. ഞാൻ എൻറെ സ്നേഹിതൻ ബഹുമാനപ്പെട്ട മെമ്പർ മി. പി. എസ്സ്. മഹമ്മദ് അവതരിപ്പിച്ചു ഉപക്ഷേപത്തോടു പൂർണ്ണമായി യോജിക്കുന്നു.

MR. XAVIER VINCENT (*Ambalapuzha* cum *Shertallai*) : സർ, എനിക്കു ഒരഭിപ്രായം പറവാനുണ്ടു്. കീഴ്സിൽബന്ധികൾക്കു ശമ്പളക്കൂടുതൽ നൽകേണ്ടതു അത്യാവശ്യമാണു്.

MR. A. K. BHASKAR: ബഹുമാനപ്പെട്ട മെമ്പർ ഉപക്ഷേപത്തെ അനുകൂലിക്കയാണോ പ്രതികൂലിക്കയാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. XAVIER VINCENT : അനുകൂലിക്കുന്നു. തിരുവനന്തപുരത്തുകാരനായ ഒരു എക്സൈസ്സ് പ്യൂൺ അതുകഴിഞ്ഞു ചവുക്കയിൽ ജോലിനോക്കുന്ന അയാൾക്കു 40 രൂപ വരെ ശമ്പളമുണ്ടെന്നിരിക്കട്ടെ. ശമ്പളം എനിക്കു നിശ്ചയമില്ല. ഒന്നുകൊണ്ടും മതിയാകാത്ത ഒരു ഭാര്യയും, ദാരിദ്ര്യവാസികളായ എത്രാനും കുട്ടികളും ഒരു തള്ളയും ഉണ്ടെന്നു വിചാരിക്കുക.

PRESIDENT : I have deliberately allowed a certain amount of discussion on this matter. But before it goes further, I would make an appeal to the honourable members that if there is any reason to suspect

LIBRARY ARCHIVES Kerala Legislative Assembly

[President.]

any particular officer or group of officers, it would be expedient if the members who possess that information give it to the Head of the Department concerned. To mention their names either by officers or by their patronymics on the floor of this House, puts them into a very difficult position. Supposing it was stated that one X or Y took bribes and that matter is brought up on the floor of this House as a charge, then he has no opportunity to defend himself. I have known cases in which charges have been made against the officers because illegal attempts on the part of those making the charge were resisted by those officers. Far be it from me to suggest that any charge made by any honourable member on the floor of the House can or will be influenced by any such considerations. But the honourable members will realise that to name a particular person as guilty of corruption or malversation or malpractice would be to throw an intolerable publicity upon him without his being given adequate means of defending himself on the floor of the House, Therefore, what I would suggest for the consideration of the honourable members of the House is this. Every member of the House is here in a representative capacity and therefore special weight attaches to what he says and if the honourable members with the full weight of their responsibility will give the names of peccant officers to the Heads of Departments concerned, I assure them that immediate steps will be taken to investigate the matter. But if honourable members merely wish to ventilate a general grievance, they may as has been in the case of one or two honourable members say that there were such instances, and such instances betray such and such state of things. I would commend this to the consideration of the honourable members because, for the officer concerned, praise or dispraise of him on the floor of the House may make his position equally embarasing.

MR. XAVIER VINCENT : സർ, ഞാനിവിടെ പ്രസ്താപിച്ചതു മുഴുവനും അക്ഷരംപ്രതി എടുക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല പറഞ്ഞിട്ടുള്ളതു. പാവപ്പെട്ട എക്സൈസ് പ്യൂൺസ് കൈക്കൂലി വാങ്ങുന്നതായി വല്ല പ്പോഴും ശങ്കിച്ചിട്ടുണ്ടെങ്കിൽത്തന്നെ അതു തെറ്റാണെന്നു ഞാൻ വാദിക്കുകയില്ല. അതു ന്യായത്തിന്റെപേരിൽ തെറ്റാണെങ്കിലും നീതിയുടെ പേരിൽ ന്യായീകരിച്ചതരാം. നെടുമങ്ങാട്ടോ തിരുവനന്തപുരത്തോ ഉള്ള ഫാക്ടറി പോലെ ശമ്പളക്കാരനായ ഒരു എക്സൈസ്സു പ്യൂൺ സ്വന്തം ഭൂമിയിൽ കൃഷിയോ, വാഴയോ എന്തെങ്കിലും വച്ചു ജീവിക്കുന്നതിനു സൗകര്യപ്പെടാതെ അരുക്കുറ്റിയിലുംമറ്റും സ്ഥലം മാറ്റപ്പെട്ടാൽ ഈ ഫാക്ടറി കൊണ്ടു ജീവിച്ചു ഒരു കുടുംബം എങ്ങിനെ പുലർത്തികൊണ്ടുപോകുമെന്നു ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള സകലർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. K. BHASKAR : അരക്കുററിയിലും വെളുത്തുള്ളിയിലും മറും ശമ്പളമില്ലാതെ പോകാൻ തയ്യാറുള്ളവരുണ്ടന്നു മെമ്പക്കറിയാമോ?

MR. XAVIER VINCENT : ശമ്പളമില്ലാതെ അയക്കുന്നതു ന്യായ മാണെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു ദയവായിട്ടു എക്സൈസ് മേധാവി ചെയ്യാനുള്ളതു ഓരോരുത്തർക്കും അവരവരുടെ സ്ഥാനം സ്ഥലങ്ങളിൽത്തന്നെ മാറാം കൊടുക്കണം, എന്നാൽ ഇതിനു പരി ഹാരമുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. കൃഷിക്കു സൗകര്യമില്ലാത്ത അന്യസ്ഥലങ്ങളിൽ പോയി വീട്ടുവാടകയും കൊടുത്തു റേഷൻഅരിയും എല്ലാംവാങ്ങി ഇവർ ജീവിക്കേണ്ടിവരുമ്പോൾ എത്രതന്നെ കൈക്കൂലി വാങ്ങിയാലും അതു നീതികരിക്കാം എന്നാണ് എനിക്കു തോന്നിയിട്ടുള്ളതു്. അതുർ ചെക്കയിൽ വച്ചു എനിക്കുതന്നെ അനുഭവപ്പെട്ടിട്ടുള്ള ഒരു ഉദാഹരണം ഞാൻ പറയാം. പട്ടാളത്തിൽപോയിമടങ്ങിവരുന്ന കുറച്ചു പട്ടാളക്കാർ കുറെ അധികം സിഗർട്ടുമായി ചെക്കയിൽ വന്നു കയറി. അവിടെ ഉണ്ടായിരുന്ന അമ്മാവൻ (ഉദ്യോഗസ്ഥൻ) എന്തെങ്കിലും തന്നേച്ചാൽ മതി, ഞാൻ നിങ്ങളെ വിട്ടയക്കാം എന്നവരോടു പറഞ്ഞു. ഞാൻ ആ അമ്മാവനോടു എന്താണ് അവരോടിങ്ങനെ പറഞ്ഞതു് എന്നു ചോദിച്ചതിനു അദ്ദേഹം എന്നോടുപറഞ്ഞതു "എനിക്ക് ഒരു ഭാര്യയുണ്ട്. അഞ്ചാറു കുഞ്ഞുങ്ങളുണ്ട്. വയസ്സായ ഒരു മാതാവുണ്ട്. ഞങ്ങൾക്കെല്ലാം കൂടി ഭക്ഷണസാധനങ്ങൾക്കു മാത്രം കുറഞ്ഞതു മാസം നൂറു രൂപാ വേണം. ഇങ്ങനെയൊക്കെയല്ലാതെ പിന്നെ എങ്ങനെ കഴിയും. സാറുംമറും കൗൺസിലിൽ പോയാൽ ഞങ്ങളുടെകാര്യം ഒന്നു പറഞ്ഞേക്കണം". (ചിരി) ഗവണ്മെൻറുദയ വായി ഈ അഭിപ്രായം കാര്യമായി വിചാരിച്ചു വേണ്ടനടപടി നടത്തുമെന്നു വിചാരിക്കുന്നു.

MR. P. G, NARAYANAN UNNITHAN: സർ, ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ ഡിപ്പാർട്ടുമെൻറിലെ ചെക്കുകളിൽ ഉണ്ടെന്നു വിചാരിക്കുന്ന അഴിമ തികളെപ്പററി വിശദീകരിച്ചു പറഞ്ഞതിൽ ഞാൻ അവരോടു പ്രത്യേകം നന്ദിപറഞ്ഞുകൊള്ളുന്നു. ഈ അഴിമതികൾ നിറുത്തുന്ന കാര്യത്തിൽ അവരെപ്പോലെതന്നെ ഞാനും എത്രയും ജാഗ്രതയോടുകൂടിയാണിരിക്കു ന്നതു്. അഴിമതി രണ്ടുതരത്തിലുണ്ട്. ആദ്യമായി ഞാൻ നോക്കുന്നതു സർക്കാരിനു നഷ്ടംവരുന്ന അഴിമതിയെയാണ്. ഇതു് ചെക്കുകളിൽ കൊണ്ടുവരുന്ന സാധനങ്ങൾ ശരിയായി തൂക്കി തീരുവ മുമ്പായതെ വിടു ന്നതാണ്. രണ്ടാമതായി പൊതുജനങ്ങൾക്കു വരുവുന്ന കഷ്ടവും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. G. Narayanan Unnithan.]

നഷ്ടവും ആണ്. ഈ രണ്ടിനങ്ങളിൽ എന്തെല്ലാമാണ് ഞാൻ ചെയ്യാ മുള്ളതു എന്ന വഴിയേ പ്രസ്താവിക്കാം. ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞ ചില കാര്യങ്ങളെപ്പറ്റി ഞാൻ ചിലതു പ്രസ്താവിച്ചുകൊ ള്ളട്ടെ.

ബഹുമാനപ്പെട്ട ഒരു മെമ്പർ ഇപ്പോഴം പറഞ്ഞതു് തെക്കൻ തിരു വിതാംകൂറുകാരനായ ഒരാൾക്കു അരുക്കുറ്റിയിൽനിന്നും സ്വന്തസ്ഥല ത്തേക്കു ഒരു മാറ്റം കിട്ടണമെന്ന ശുപാർശ ചെയ്തു അയച്ചിട്ടുണ്ടെ ന്നാണ്. അതിനെപ്പറ്റി ഞാൻ രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. രാജ്യത്തു എല്ലായിടത്തും ചൗക്കയില്ല. ചൗക്കകളം അതുത്തിയിൽ മാത്രമേ ഉള്ളു. ഈ ചൗക്കകളിലെല്ലാം ആവശ്യമുള്ള ആളുകളെ നിയമിക്കുന്ന തിനു അതുത്തിപ്രദേശങ്ങളിൽത്തന്നെ ജനിച്ചുവളർന്നവരെ കിട്ടുകയില്ല. മേവികളം റേഞ്ചിൽ ഏകദേശം ൨൦൦ ആളുകളെ ആവശ്യമുണ്ട്. അവിടെ ജനിച്ചുവളർന്നവരായി ഈ ഡിപ്പാർട്ടുമെൻറിൽ ൨൦൦ പേർ ഉണ്ടായിരിക്കയില്ല. അരുക്കുറ്റി മുതലായ പ്രദേശങ്ങളം വെള്ളക്കെ ട്ടായുള്ള സ്ഥലങ്ങളാണു. അവിടെ കൂടുതൽ ആളുകളെ ആവശ്യമുണ്ടെ ങ്കിലും അവിടത്തുകാരെ കിട്ടുകയില്ല. ഇങ്ങനെ തെക്കൻതിരുവിതാംകൂ റുകാരെ തിരഞ്ഞെടുത്തയയ്ക്കുന്നെങ്കിൽ അവർ ശരിയായി ജോലിചെയ്യു മെന്നുള്ളതുകൊണ്ടും വടക്കു അവിടെത്തന്നെ ജനിച്ചുവളർന്നവർ ഇല്ലാത്ത തുകൊണ്ടും മാത്രമാണ്. അതിനംപുറമേ അവിടവിടെ ജനിച്ചിട്ടുള്ള വരെ അവിടവിടെത്തന്നെ നിയമിക്കണമെന്നുള്ളതു് ഒരു നിയമതത്വ മായി സ്വീകരിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഈ അസൗകര്യങ്ങളം ക്കൊക്കെയും പുറമേ അത്യാവശ്യമായി മെമ്പറന്മാർ മുതലായവർ ശുപാർ ശചെയ്യുന്ന സമയം അങ്ങിനെ ചെയ്യുന്നുമുണ്ട്.

അടുത്തതായി അവരുടെ ശമ്പളത്തെപ്പറ്റി മെമ്പർ പറഞ്ഞതു ശരിയല്ല എന്നു പറഞ്ഞുകൊള്ളട്ടെ. ശമ്പളം ൧൨ രൂപാ എന്നു പ റഞ്ഞു. രണ്ടുകൊല്ലംമുമ്പു് ൯ രൂപാ ആയിരുന്നു എങ്കിലും ഇപ്പോൾ ൧൫ രൂപായും അലവൻസു ആട്ടും ൯ രൂപായും പിന്നെ ൫൪ രൂപാ യും ആയിട്ടുണ്ട്. വാർ അലവൻസിനത്തിൽ ൭ രൂപയുള്ളതു ഉൾപ്പെ ടുത്തിയാൽ കുറഞ്ഞ ശമ്പളം ൨൨ രൂപയാണ്. ബഹുമാനപ്പെട്ട മെമ്പർ ഒരു ശിപായിയുടേയും ഭാര്യയുടേയും കുട്ടികളുടേയും കഥ പറ ഞ്ഞു. എന്നാൽ ശമ്പളം ആളുകളുടെ ആവശ്യംപോലെ കൊടുക്കാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശമ്പള ക്കുറവു കൈയ്ക്കൂലിക്കു് കാരണമായി സ്വീകരിക്കണം എന്നു തോ ന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VARGHESE : ഫ ഒ രൂപകൊണ്ടു ഇക്കാലത്തു നാലംഗങ്ങളുള്ള ഒരു വീട്ടിൽ കഷ്ടിച്ചു കഴിയാൻസാധിക്കുമോ?

MR. P. G. NARAYANAN UNNITHAN : സർ, പതിനേഴെന്നു പറഞ്ഞതു പിശകായി പറഞ്ഞതാണു്. ഫ ഫ രൂപായാണു് അവരുടെ ശമ്പളം. ഈ ഫ ഫ രൂപയല്ലാ, ഫ ൦ ൦ ൦ രൂപയാണെങ്കിലും ചിലപ്പോൾ മതിയാകയില്ലെന്നവന്നേക്കാം.

MR. P. M. VARGHESE : സാധാരണ ഒരു മട്ടിൽ ഒരു വേലക്കാരന്റെ നിലമാത്രം മതി– ഇന്നത്തെ റേഷൻ അനുസരിച്ചു ഒരു കൂലിവേലക്കാരന് റേഷൻസാധനങ്ങൾ വാങ്ങാൻ എത്രരൂപാ വേണമെന്നു ബഹുമാനപ്പെട്ട മെമ്പർക്കു പറയാമോ?

MR. P. G. NARAYANAN UNNITHAN : സർ, റേഷൻ സാമാനങ്ങളുടെ വിലമാത്രം നോക്കിയാൽ പോരാ. റേഷൻസാമാനങ്ങൾ മാത്രമല്ല മരച്ചീനിയും വാങ്ങിച്ചു് ഉപയോഗിച്ചു എന്നുവരുന്നവന്നേക്കാം. ഇതു ഓരോരുത്തരുടേയും സൗകര്യംപോലെയാണു്. ഈ ശിപായിമാർ മുഴുവനും ശമ്പളംമാത്രംകൊണ്ടു ജീവിക്കുന്നവരായി വരികയില്ല. അവർക്കു മറ്റു സൗകര്യങ്ങളും ഉണ്ടെന്നു വന്നേക്കാം. മാത്രമല്ല, ഇവരിൽ പലർക്കും ന്യായമായ സമ്പാദ്യം ഉണ്ടെന്നുള്ളതു ബഹുമാനപ്പെട്ട മെമ്പർ ആലോചിച്ചാൽ അറിയാൻ കഴിയുന്നതാണു്.

MR. P. M. VARGHESE : ഇങ്ങനെ സ്വന്തം നിലയിൽ കഴിയാൻ സൗകര്യമുള്ള അല്പശമ്പളക്കാർ എത്രപേരുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ അന്വേഷിച്ചിട്ടുണ്ടോ?

MR. P. G. NARAYANAN UNNITHAN : എത്രപേരുണ്ടെന്നു ശരിയായി പറയാൻ കഴികയില്ലെങ്കിലും വളരെപ്പേർ ഉണ്ടായിരിക്കുമെന്നു പറയാൻ സാധിക്കും.

MR. P. M. VARGHESE : സാധാരണ ഒരാളേ ഉദ്യോഗത്തിനു നിയമിക്കുമ്പോൾ അദ്ദേഹത്തിന്റെ ചിലവിനു വീട്ടിൽ വല്ലതുമുണ്ടോ എന്നു അന്വേഷിച്ചിട്ടാണോ നിയമിക്കുന്നതു്.

MR. P. G. NARAYANAN UNNITHAN : നിശ്ചയമായിട്ടും അല്ല. അതു് അരുതെന്നാണു് ബഹുമാനപ്പെട്ട മെമ്പറോടു ഞാൻ മുമ്പു പറഞ്ഞതും. സർ, ചുമക്കകളിൽ തീരുവയ്ക്കായിട്ടും മറ്റും വരുന്ന മനുഷ്യരെ അനാവശ്യമായി താമസിപ്പിക്കുന്നു എന്നും അവമാനിക്കുന്നു എന്നും രണ്ടു കറാരോപണങ്ങളാണു് ഇവിടെ ഉണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED : സർ, അപമാനിക്കുന്ന എന്നു എന്റെ ഉപ ക്ഷേപത്തിലില്ല. മര്യാദകേടായി പെരുമാറുന്ന എന്നാണു് ഞാൻ പറഞ്ഞതു്.

MR. P. G. NARAYANAN UNNITHAN : സർ, ഞാൻ വേറൊരു പദം ഉപയോഗിച്ചു എന്നുമാത്രമേയുള്ളൂ. ചന്തക്കകളിൽ വരുന്നവരെ അപ മാനിക്കുന്ന എന്നു് ന്യായമായി തോന്നിയിട്ടുള്ള അവസരങ്ങളിൽ ഡിപ്പാർ ട്ടുമെൻറിനുവേണ്ടി ഞാൻ ക്ഷമായാചനംപോലും ചെയ്തിട്ടുണ്ടു്. ബഹു മാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടതു് അവർ മേൽപ്പറഞ്ഞ ചന്ത ശമ്പളക്കാർ മാത്രമാണു്. സ്റ്റാ –ാ, സ്റ്റാ –ം, ലക്ഷം രൂപ വരുമാനമുള്ള ചന്തക്കകളിലെ ഉത്തരവാദിത്വമുള്ള ജോലിയാണു് അവരിൽ സ്ഥിതിചെ യ്യുന്നതു്.

MR. K. A. MATHEW : സർ, അവരുടെ ശമ്പളം അടുത്തകാലത്തുണ്ടായ ശമ്പളക്രമീകരണത്തിനുശേഷം ഉയർത്തിയതാണോ ?

MR. P. G. NARAYANAN UNNITHAN : ഈ അടുത്തകാലത്താണു് ചില രൂപയാക്കിയിട്ടുള്ളതു്.

MR. K. A. MATHEW : എക്സൈസ് കമ്മീഷണരുടെ ശമ്പളം എന്നാ ണെന്നറിയാമോ?

MR. P. G. NARAYANAN UNNITHAN : അതു് ചില കൊല്ലംമുമ്പു് എക് സൈസ് കമ്മീഷണക്കു് കിട്ടിവന്നിരുന്ന ശമ്പളമാണു്.

PRESIDENT : The whole thing is irrelevant. The question of the Excise Commissioner's Salary is non-votable and no question can be asked with regard to that.

MR. P. G. NARAYANAN UNNITHAN : ചന്തക്കകളിൽ ചെല്ലുന്ന യാ ത്രക്കാരെ അപമാനിച്ചു എന്നുള്ള സങ്കടങ്ങൾ പലപ്പോഴും കിട്ടുകയും ഞാൻ അതാതു് അവസരങ്ങളിൽ വേണ്ടതു ചെയ്യുകയും ചെയ്തിട്ടുണ്ടു്. ഇതിനും പുറമെ രണ്ടോ മൂന്നോ പ്രാവശ്യം ഇതിലേക്കു പ്രത്യേകം നിർദ്ദേ ശങ്ങൾ ഡിപ്പാർട്ടുമെൻറിൽ എല്ലാവക്കും സർക്കുലർ രൂപേണ അയച്ചി ട്ടുണ്ടു്. അതു അപമാനിക്കാതിരിക്കാൻ വേണ്ടിയിട്ടാണു്. അങ്ങിനെ ചെയ്തിട്ടുണ്ടെന്നു അറിഞ്ഞ സമയങ്ങളിലെല്ലാം അപ്രകാരം ചെയ്യുവ രെന്നു ബോദ്ധ്യംവന്ന ആളുകളെ ശിക്ഷിച്ചിട്ടുണ്ടു്. മാമല ചന്തക്കയിൽ ചക്രം കൊടുക്കുന്നതു കണ്ടിട്ടുണ്ടെന്നു ബഹുമാനപ്പെട്ട ഒരു മെമ്പർ പറഞ്ഞു. ഇതു തീരുവയാണോ കൈക്രൂലിയാണോ എന്നന്വേഷിക്കാൻ സമയം ഉണ്ടായിട്ടില്ലായിരിക്കാം. പക്ഷേ മൂന്നോ നാലോ കൊല്ലം മുമ്പായിരുന്നെങ്കിൽ അതു ശരിയായിരുന്നിരിക്കാം. മാമല ഇരുന്ന ഒരു സബ് ഇൻസ്പക്ടരെ കൈക്രൂലിക്കുറ്റത്തിനു ശിക്ഷിക്കാൻ ഒരു മൂന്

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്തിനുമുമ്പു ഇടയായിട്ടുണ്ട്. മെമ്പറുടെ പ്രസ്താവന അതിനുമുമ്പു നടന്ന സംഭവത്തെക്കുറിച്ചാണെങ്കിൽ കുറച്ചുസമയം അതു ശരിയായിരിക്കാം. അതുപോലെ അടുത്തകാലത്തായിരുന്നെങ്കിൽ എന്നോടുകൂടി അറിയിക്കേണ്ട മുമതല ബഹുമാനപ്പെട്ട മെമ്പർക്കുണ്ടെന്നു ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

ബഹുമാനപ്പെട്ട വേറൊരുമെമ്പർ കൈക്കൂലി കൊടുക്കുന്നതും വാങ്ങുന്നതും കുറേപോലെ കുറകുമായതിനാലാണ് കൈക്കൂലി വാങ്ങുന്നവരെപ്പറ്റി അറിവു കിട്ടാത്തതു എന്നു പറഞ്ഞു. എന്നാൽ അഴിമതികളെപ്പറ്റി എനിക്കറിയാൻ ഇടവന്നിട്ടുള്ളതൊക്കെ വേറെ ആളുകളിൽ നിന്നാണ്. അവരിലാരും ശിക്ഷിക്കപ്പെട്ടില്ല. അപ്രകാരം ശിക്ഷിക്കപ്പെടുന്നതു കോടതിമുമ്പാകെ ചെന്നെങ്കിൽ മാത്രമേ ഉള്ളു. ഇതു പോലീസിനു നേരിട്ടെടുക്കാവുന്ന ഒരു കുറ്റംപോലുമല്ല. ഈമാതിരി അറിവുകിട്ടിയ എനിക്കു തരുന്നപക്ഷം ഞാൻ അതു പരസ്യമാക്കുകയൊ അതിനെക്കുറിച്ചു നടപടി എടുക്കുകയൊ ചെയ്യുകയില്ല. ഈ സംഗതി ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കുന്നതിനു പുറമേ അവർക്കു പദേശിക്കാൻ സാധിക്കുന്ന സ്നേഹിതന്മാരെ അറിയിക്കുകയും ചെയ്യണമെന്നുഞാൻ താഴ്മയായി അറിയിച്ചുകൊള്ളുന്നു.

പിന്നീടു പറവൂർ താലൂക്കിലെ ആളുകൾക്കു ഉണ്ടാകുന്ന അസൗകര്യങ്ങളെപ്പറ്റി ഒന്നിൽക്കൂടുതൽ മെമ്പറന്മാർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ന്യായമെന്നുതോന്നുന്ന അവസരങ്ങളിൽ കീഴ്സിൽബന്ധികൾ എന്തെങ്കിലും അസൗകര്യം ചെയ്തിട്ടുള്ളതായി ഞാൻ അറിയുന്നപക്ഷം അവരെ ശിക്ഷിക്കാറുണ്ട്. ബഹു: മെമ്പർക്കുതന്നെ അറിയാം, അത്തരത്തിൽ ചിലർ സസ്പെൻഷനിൽ നിൽക്കുന്നുണ്ടെന്നു. പറവൂർ താലൂക്കിൽ യഥാർത്ഥമായ പല അസൗകര്യങ്ങളും ഉണ്ട്. അതു ബഹു: മെമ്പർ പറയുന്നതുപോലെ യാത്രക്കാർക്ക് മാത്രമല്ല. ചരക്കുകൾക്കുമുണ്ട്. വള്ളങ്ങൾ തടഞ്ഞു നിർത്തുന്നു എന്നു പറയുന്നു. വള്ളങ്ങൾ നിറുത്താതെ അതിലെന്താണെന്നു നോക്കാൻ സാധിക്കുകയില്ല.

MR. G. PARAMESWARAN PILLAI : വള്ളങ്ങൾ അനാവശ്യമായി നിറുത്തിതാമസിപ്പിക്കുന്നതിനെപ്പറ്റി മാത്രമാണ് ഞാൻ പറഞ്ഞതു്.

MR. P. G. NARAYANAN UNNITHAN :—അത്യാവശ്യത്തിൽ കൂടുതൽ താമസിപ്പിക്കുന്നതു അനീതിതന്നെയാണു. എന്നാൽ പരിശോധനക്കാവശ്യമുള്ള സമയം നിറുത്തേണ്ടതു അത്യാവശ്യമല്ലേ എന്നു് ഞാൻ ബഹുമാനപ്പെട്ട മെമ്പറോടു ചോദിച്ചുകൊള്ളുന്നു;

LIBRARY ARCHIVES Kerala Legislative Assembly

MR. G. PARAMESWARAN PILLAI :—ആവശ്യമില്ലാതെ കൂടുതൽ സമയം നിറുത്തി താമസിപ്പിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. ഒന്നോ രണ്ടോ മണിക്കൂറാണെങ്കിൽ തരക്കേടില്ല.

PRESIDENT : Order, order. Honourable members, as I have already remined them, can put questions for elucidating points remaining unclarified in the speech of the member for Government. Honourable members cannot take this opportunity to make observations for themselves or make another speech. I hope the honourable memberswill keep that in mind. What is the question which the honourable member has put ?

MR. G. PARAMESWARAN PILLAI: I just wanted to...

PRESIDENT : No, no, the member can ask his question in Malayalam. I can perfectly understand the language.

MR. G. PARAMESWARAN PILLAI : സർ, ഡിപ്പാർട്ടുമെന്റ് മ്യൂക്ഷൻ അവർകൾ എങ്ങനെയാണ് വള്ളങ്ങൾ നിറുത്തി താമസിപ്പിച്ചതെന്നു ചോദിച്ചതിനു മറുപടി പറയാനാണ് ഞാൻ എഴുനേറ്റത്.

MR. P. G. NARAYANAN UNNITHAN : ആവശ്യത്തിൽ കൂടുതൽ താമസിപ്പിക്കുന്നതു തെറ്റാണെന്നു ഞാൻ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. അങ്ങിനെ ഏതെങ്കിലും ഒരവസരത്തിൽ കാണുന്നപക്ഷം എന്നെ അറിയിക്കാൻ ദയവുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മെമ്പറന്മാരോട് അപേക്ഷിച്ചുകൊള്ളുന്നു.

സർ, തിരുവിതാംകൂറിൽ ഇപ്പോൾ വരുന്ന ചെക്കുകളോളമുണ്ട്. ഈ വരുന്ന ചെക്കുകളിലും നടക്കുന്ന കാര്യങ്ങൾ ആ ഡിവിഷനിലുള്ള അസിസ്റ്റൻറ് കമ്മീഷണർക്കായാലും, എക്സൈസ് കമ്മീഷണർക്കായാലും, അവിടെചെന്നുകണ്ട് മനസ്സിലാക്കാൻ സാധിക്കുകയില്ല. നടക്കുന്ന വിവരങ്ങളെപ്പറ്റി അറിവുകിട്ടുന്ന സന്ദർഭങ്ങളിൽ അധികാരികളെ അറിയിക്കേണ്ട ചുമതല ബഹുമാനപ്പെട്ട മെമ്പറന്മാർക്കും ഉണ്ടെന്നു ഗ്രഹിച്ചാൽ കൊള്ളാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഉള്ള അഴിമതികൾ നിറുത്തുന്നതിലേക്ക് ചെയ്യാവുന്ന രണ്ടു കാര്യങ്ങൾ ഉണ്ട്. (എ) വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക. (ബി) നിർദ്ദേശങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുക. ഈ രണ്ടും ചെയ്യുന്നുണ്ടെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളട്ടെ. ഈ അണ്ടിൽ തന്നെ ഡിവി സിൽബന്ധികളെ റേഞ്ചുകളിലും ചെക്കുകളിലും ഉദ്യോഗപ്പെടുത്തുന്നതിനു കർശനമായി ശിക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : ഏതെങ്കിലും അസിസ്റ്റന്റ് കമ്മിഷണരുടെ മേൽ നടപടി എടുക്കുക ഉണ്ടായിട്ടുണ്ടോ?

MR. P. G. NARAYANAN UNNITHAN : സർ, നടപടി നടത്തേണ്ട ഇടകൊടുത്തിട്ടില്ല. ഉടനടിതന്നെ റിട്ടഴ്ചെയ്തിട്ടുണ്ട്. ആവശ്യം വേണ്ടിവന്നാൽ ഗവണ്മെന്റ് നിർദ്ദാക്ഷണ്യം അപ്രകാരം ചെയ്യുമെന്നാ ഞാൻ ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുകൊടുത്തുകൊള്ളട്ടെ. ഈ ഗവണ്മെന്റിനെ അഴിമതി നടക്കരുതെന്നുള്ള കാര്യത്തിൽ പ്രത്യേകം താൽപര്യമുണ്ട്. അതു അടിടെ കൊണ്ടുവരുന്ന സാമാനങ്ങൾ ശരിയായ് തീരുവതീർത്തു അയക്കണമെന്നുള്ള കാര്യത്തിലാണ്. സാധാരണ ഉണ്ടാകാവുന്നത് എന്താണെന്ന് വച്ചാൽ വഴിയാത്രക്കാരും അല്പശമ്പളക്കാരായ കീഴ്സിൽബന്ധികളും കൂടി ചേർന്നാൽ ഗവണ്മെന്റിനെ സാരമായ നഷ്ടം വരുത്താൻ സാധിക്കും എന്നുള്ളതാണ്.

MR. P. M VARGHESE : ഗവണ്മെന്റു നികുതിക്കു സാരമായ നഷ്ടം വരുത്തുന്നു എന്നു പറയുന്നതു എങ്ങനെയാണ്.

MR. P. G. NARAYANAN UNNITHAN : ചോദ്യം എനിക്കു മനസ്സിലായില്ല. ഗവണ്മെന്റുകാര്യം എന്നു പറയുന്നതു നികുതി പിരിച്ചു കൊടുക്കുക എന്നുള്ളതാണ്. അതിനു വിഘ്നമാണ് സാമാനങ്ങൾ കൊണ്ടുവരുന്ന ആളുകളും ജോലിക്കാരുംകൂടി ചേർന്നാൽ ഉണ്ടാകുന്നതു്. സാമാനങ്ങൾ ചുങ്കക്കെട്ടിൽ കൊണ്ടിടുന്ന സമയം കൊണ്ടിടുന്ന ആളും താഴ്ന്നജീവനക്കാരും മാത്രമേ കാണുകയുള്ളൂ. അവർ ചെയ്യുന്ന അഴിമതികളെ എങ്ങിനെ തടയുന്നു എന്നുള്ളകാര്യം ബഹുമാനപ്പെട്ട മെമ്പർ അനേഷിക്കേണ്ടതാണ്. സാമാനങ്ങൾ ചുങ്കക്കെട്ടിൽ വരുന്നതിനു മുമ്പുതന്നെ ഒരു മാനിഫസ്റ്റുസ്റ്റേഷൻ ഉണ്ട്. അവിടെനിന്നു ഒരു മാനിഫസ്റ്റു ആളുമേതന്നെ വാങ്ങിക്കണം. ഈ മാനിഫസ്റ്റു നൽകുന്നതു ചുങ്കക്കെട്ടിലുള്ള ഉദ്യോഗസ്ഥനല്ല. ഈ മാനിഫസ്റ്റിന്റെ പകർപ്പു് ഇവർ പ്രത്യേകമായി അക്കൌണ്ടുജനറലിന്റെ ആഫീസിലേക്കു് അയക്കേണ്ടതാണ്. ഓർ മണിക്കൂറിനകം ഇതയക്കും. ഈ മാനിഫസ്റ്റിൽ സാധനങ്ങളുടെ തൂക്കം രേഖപ്പെടുത്തുന്നുണ്ടു്. ഇതു കഴിഞ്ഞിട്ടാണ് സാമാനം ചുങ്കത്തിലേക്കു കൊണ്ടുപോകുന്നതു്. ചുങ്ക ഉദ്യോഗസ്ഥൻ അതു തൂക്കിനോക്കുകയോ, എണ്ണിനോക്കുകയോ ചെയ്യുന്നു. പിന്നീടു നിയമപ്രകാരമുള്ള തീരുവ കണക്കാക്കി വാങ്ങുന്നു തീരുവ വാങ്ങുന്നതും കൊടുക്കുന്നതും ഇവർ രണ്ടുപേരുംമാത്രം ചേർന്നുള്ള സംഭവമാണു. അതിനു കരചേക്ഷ കൊടുക്കുകയും അന്നന്നു എഴുതി തീർക്കുന്ന നാൾവഴിയിൽ അതു് എഴുതുകയും ചെയ്യുന്നുണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. G. Narayanan Unnithan.]

ഈ അപേക്ഷകളുടെ പകർപ്പും നാഴവഴികളുടെ പകർപ്പും അന്നു തന്നെ അക്കൌണ്ടാഫീസിലേക്ക് അയക്കണം. ഈ കണക്കുകളിൽ നിന്നും ഇതു സാധനം കൊണ്ടുവന്നു എന്നും എന്തു നികുതി ഈടാക്കിയിട്ടുണ്ടെന്നും അറിയാവുന്നതാണ്. ഇതിനെ മാനിഫസ്റ്റുമായി താരതമ്യപ്പെടുത്തുമ്പോൾ ചുങ്ക ഉദ്യോഗസ്ഥന്മാർ പ്രത്യേകമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നറിയാൻ സാധിക്കും. കണക്കിൽ ചിലപ്പോൾ കള്ളം കാണിക്കാൻ വഴിയുണ്ടായേക്കാം. അതു പരിശോധിക്കണം. ഇതിനുവേണ്ടി പ്രത്യേകമായി ഫാർ-നു ശേഷം എക്സൈസ് കമ്മിഷണരാഫീസിൽ ആഡിറർമാരെ വച്ചിട്ടുണ്ട്. അവർ അതിനെ ആഡിറുചെയ്തിട്ട് അവിടെ നിന്നും അക്കൌണ്ടാഫീസിലേക്കു അയച്ചു അവിടെയും ഇതിനെ ഒന്നുകൂടി പരിശോധിക്കുന്നു. എല്ലാ യുകകളും നാഴവഴിയിൽ രേഖപ്പെടുത്തുന്നുണ്ട്. ഈ വക കാര്യങ്ങൾക്കായി പൊതുജനങ്ങളിൽനിന്നും ഗവൺമെൻറിലേക്ക് ഈടാകാനുള്ള യുക യാതൊരു കുഴപ്പവും കൂടാതെ, യാതൊരു പരാതിയുംകൂടാതെ വസൂലാക്കത്തക്കവണ്ണം വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അതിന്റെ ഫലമായി ഈമാതിരിയുള്ള പരാതികൾക്ക് വളരെ ശമനം വന്നിട്ടുണ്ട്. ഇനിമേലാലും വല്ലതരത്തിലുമുള്ള അനാശാസ്യപ്രവർത്തികളോ മറ്റോ ഉണ്ടാകുന്നെങ്കിൽ ഉടൻതന്നെ അതു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരെ അറിയിക്കണമെന്നു ബഹുമാനപ്പെട്ട മെമ്പറന്മാരെ ഉൽബോധിപ്പിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

MR. P. S. MAHOMED : സർ, ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

PRESIDENT : The second motion is not in order. Mr. Mahomed may move the third.

Motion No. 3.

MR. P. S. MAHOMED : Sir, I beg to move the following motion.

"To reduce the allotment of Rs. 1,78,263 for customs by Re. 1."

(To discuss the policy of the levy of customs duty.)

സർ, ഈ മോഷൻ ഇവിടെ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം കസ്റ്റംസ് ഇനത്തിൽനിന്നുള്ള വരവ്, നമ്മുടെ സംസ്ഥാനത്തെ ഒരു മാതൃകാസംസ്ഥാനമാക്കിത്തീർത്തിട്ടുണ്ടെങ്കിലും, രാജ്യം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടുതന്നെ ഇരിക്കണമെന്നുള്ള ഒരു ആഗ്രഹംകൊണ്ടാണെന്നു പറഞ്ഞുകൊള്ളട്ടെ. നമ്മുടെ രാജ്യത്തിനും വെളിയിലേ

LIBRARY ARCHIVES Kerala Legislative Assembly

ക്കുപോകുന്ന ചരക്കുകൾക്കാണ് പ്രധാനമായിട്ട് നമുക്ക് തീരുവ ചുമത്താൻ സൗകര്യമുള്ളത്. അത് അധികവും ഇവിടെ ഉണ്ടാകുന്ന കാർഷികവിഭവങ്ങളാണ്. യുദ്ധകാലമായതുകൊണ്ട് എല്ലാ സാമാനങ്ങൾക്കും വളരെ വില വർദ്ധിച്ചിരിക്കുന്നതിനാൽ നമ്മുടെ നാട്ടിൽനിന്നും വെളിക്കു പോകുന്ന സാമാനങ്ങൾക്കും ഡ്യൂട്ടി കൂട്ടേണ്ടിയിരിക്കുന്നു. അങ്ങിനെ കൂട്ടുന്നത്, വിശേഷിച്ച് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം അവരെ ദ്രോഹിക്കുകയായിരിക്കും. എന്നാൽ നമ്മുടെ ഇവിടത്തെ വ്യവസായങ്ങൾക്കു അത്യാവശ്യമായ സാധനങ്ങൾ വെളിക്കോട്ടുപോകുന്ന എങ്കിൽ അവയിൽ ഡ്യൂട്ടി കൂട്ടേണ്ടതാകുന്നു. മറെറാന്നുള്ളത് നമുക്ക് ഇറക്കുമതിയിൽ ചുങ്കം ചുമത്താവുന്നവ വളരെ കുറച്ചുമാത്രമാണ്. ഇൻറർ പോർട്ടൽ കൺവൻഷൻ അനുസരിച്ചു ബ്രിട്ടീഷ് ഗവണ്മെൻറിൽ നിന്നും നമുക്കു വരേണ്ടതായ സംഖ്യതന്നെ കിട്ടിയിട്ടില്ലെന്ന് കണക്കുകൾ കൊണ്ട് കാണാൻ കഴിയും. നമുക്ക് ആണ്ടുതോറും ചുങ്കം ഇനത്തിൽ കൺവൻഷൻ അനുസരിച്ചു കിട്ടേണ്ട സംഖ്യ ൪൦,൦൦൦ രൂപയാണ്. അതു അന്നത്തെ ചുങ്കം ഇനത്തിൽ ഇവിടെചുമത്തിയിട്ടുള്ള ഏകദേശം ൨൦൦൦ രൂപാ കഴിച്ചാണ്. ഇപ്പോൾ ഇവിടെ നേരിട്ടുള്ള ഇറക്കുമതി ചുങ്കം ൪൦,൦൦൦-ൽ കവിഞ്ഞതുകൊണ്ടാണ്, ബ്രിട്ടീഷ് ഗവണ്മെൻറ് തരേണ്ട സംഖ്യ തരാതിരുന്നിട്ടുള്ളത്. ആ സ്ഥിതിക്കു ബ്രിട്ടീഷ് ഇൻഡ്യയിലും, കൊച്ചിയിലും ചുങ്കം ചുമത്തിയ സാധനങ്ങൾ ഇവിടെ എത്രമടങ്ങു കൂടുതൽ വന്നു ഇറങ്ങുന്നു. ആ ഇനത്തിൽ ഒരു ഭീമമായ സംഖ്യ നമുക്കു വരേണ്ടതായിരിക്കുന്നു. എന്നാൽ ഈ വക കണക്കുകളേപ്പറ്റി വിശദമായി ചോദിക്കുന്നതിനുള്ള അവകാശം ഇപ്പോൾ നിയന്ത്രിച്ചിരിക്കുകയും ചെയ്യുന്നു എങ്കിലും, നമുക്കു കിട്ടുവാനുള്ള സംഖ്യ ഇനിമേലാലെങ്കിലും ലഭിക്കത്തക്കവണ്ണം വേണ്ടതരത്തിലുള്ള നടപടി നടത്തണമെന്നു ഞാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

The Deputy President took the chair.

MR. CHAZHIKATTU JOSEPH : പ്രജാക്ഷേമതല്പരനായ മഹാരാജാവു തിരുമനസ്സിലെ പ്രജകളായി ഈ വഞ്ചിനാട്ടിൽ നിവസിക്കുന്ന ൩൦ ലക്ഷത്തിൽ പരം ജനങ്ങൾക്കു ക്ഷേമവും അഭിവൃദ്ധിയും ഉണ്ടാകുന്നതിനും, അതിനെ പുലർത്തുന്നതിനും, പുലർത്തി നിലനിർത്തുന്നതിനുമായി പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഞങ്ങൾക്കു, മഹാരാജാവു തിരുമനസ്സിൽനിന്നു കല്പിച്ചനുവദിച്ചിട്ടുള്ള Legislative Reforms Act

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikattu Joseph.]

ചെ ാം വകുപ്പിൽ "There shall be freedom of speech in both Chambers of Legislature." എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഞങ്ങൾക്കു ന്യായമായ പ്രസംഗസ്വാതന്ത്ര്യം ഈ സഭയിൽ ലഭിയ്ക്കുന്നില്ലെന്ന ആ ദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ.

MR. K. G. KUNJUKRISHNA PILLAI : I rise to a point of order. That does not arise out of this motion.

MR. CHAZHIKATTU JOSEPH : രാജ്യത്തുള്ള അനേകലക്ഷം ജനങ്ങളുടെ സങ്കടങ്ങൾ ഏതുവിധേനയും പരിഹരിച്ചുകിട്ടണമെന്ന ജനപ്രതിനിധികളായ ഞങ്ങൾ ഇവിടെ പറയുമ്പോൾ, രാജ്യക്ഷേമം പുലർത്തുന്നതിനായി നിയുക്തരായ ഉദ്യോഗസ്ഥന്മാർ ഞങ്ങളെ സഹാനുഭൂതിയോടുകൂടി കേൾക്കാതെ ഓർഡറും ഡിസോർഡറും പറഞ്ഞു, അങ്ങിനെയും പറയാൻ പാടില്ല, ഇങ്ങിനെയും പറയാൻ പാടില്ല എന്നു പറഞ്ഞു ഞങ്ങളുടെ പ്രസംഗസ്വാതന്ത്ര്യം തടയുന്നതു ശരിയല്ല. ഒരു കാട്ടാനയെ ബലമായ കൂട്ടിൽ പിടിച്ചിട്ടു നാലുവശത്തുനിന്നും ആയതിനെ ഇടം വലം പരിചയിപ്പിക്കാനായി കുന്തംകൊണ്ടു കുത്തുന്നതുപോലെ ഞങ്ങളേയും ഈ നിയമസഭക്കുട്ടിനകത്തു നിറുത്തിക്കൊണ്ടു ഇപ്പോൾ ലീഗൽ റിമംബറൻസർ ചെയ്യുന്നതുപോലെ നാനാഭാഗത്തുനിന്നും അസഹ്യപ്പെടുത്തുന്നതു ശരിയല്ല.

DEPUTY PRESIDENT : The honourable member will proceed to discuss the matter now under consideration. He need not dilate upon the question of order.

MR. CHAZHIKKATTU JOSEPH : സർ, രാജ്യക്ഷേമത്തെ ഉദ്ദേശിച്ചു ഗവണ്മെൻറിനെ കായ്യം ഗ്രഹിപ്പിക്കുന്നതിനായി ഇവിടെ വന്നിട്ടുള്ള അനേകം അംഗങ്ങളിൽ ചിലർ മാത്രം പ്രസംഗിക്കുന്നതിനെ ദിവാൻജി അനുമതി നൽകിയിട്ടുള്ളൂ. ഞങ്ങളും ഇവിടെ ജനക്ഷേമാർത്ഥകായ്യങ്ങൾ പറയുവാൻ വന്നവരാണ്. എല്ലാവർക്കും പ്രസംഗസ്വാതന്ത്ര്യം ഉണ്ടായിരിക്കണം.

DEPUTY PRESIDENT : I have already ruled that that it is absolutely irrelevant. I thought the honourable member understood what I said. He will proceed to discuss the matter under consideration.

MR. CHAZHIKATTU JOSEPH : അങ്ങിനെയെങ്കിൽ എക്സൈസ് തീരുവ മൂലം ജനങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങളെപ്പറ്റി ഞാൻ പറയാം. സർ, അടുത്ത മനോരാജ്യത്തിൽ എന്നോടുകൂടി ഒരു

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവന്റെ കുടിലിലേക്കു വരിക. പ്രഭാതമായാൽ ഗൃഹനായിക അത്യുമായി അടുപ്പിൽ തീ കത്തിക്കുന്നതിനു തുടങ്ങുന്നു. നാലു കാശിനു കിട്ടിയിരുന്ന തീപ്പെട്ടിക്കു രണ്ടു ചക്രമെന്നു ഓർക്കുമ്പോൾ അവളുടെ ഹൃദയത്തിൽ തീ കത്തിത്തുടങ്ങുന്നു. തീ കത്തിക്കാനുള്ള വിറകുകഷണം എടുക്കുമ്പോൾ അവർ പറയുന്നു വനത്തിൽ എന്തുമാത്രം വിറക് അതുകൊണ്ടു ഉപയോഗമില്ലാതെ നാട്ടുകാർതന്നെ കൊണ്ടു തൊടുവിക്കാതെ അങ്ങനെതന്നെ കാട്ടുതീയ്ക്കു ഇരയായിത്തീരുന്നു. അടുപ്പിൽ തീ കത്തിച്ചശേഷം അല്പം കാപ്പിവിളമ്പിക്കാനായി ചക്കരയെടുക്കുന്നു. എക്സൈസുകാരുടെ കഠിനമായ നിയമങ്ങൾമൂലം ചക്കരയുടെ വില അഭൂതപൂർവ്വമായി വർദ്ധിച്ചിരിക്കുന്നു. സ്വല്പം കാപ്പി കുടിച്ചശേഷം ഒന്നു മുറുക്കുന്നതിനായി ചെല്ലമെടുക്കുന്നു. മുമ്പു റാത്തലിനു പത്തും പന്ത്രണ്ടും അണ വിലയായിരുന്ന പുകയിലക്ക് ഇന്നു നാലും അഞ്ചും രൂപാ വിലയായിരിക്കുന്നു. തീരുവമൂലം ജനങ്ങൾക്കു രാജ്യത്തു ജീവിക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു.

MR. P. G. NARAYANAN UNNITHAN: അരിക്ക് ഇപ്പോൾ എന്തുവില കൂടുതൽ ഉണ്ടെന്ന് അറിയാമോ?

MR: CHAZHIKATTU JOSEPH : ഇടങ്ങഴി അരിക്ക് ഒന്നര രൂപായുടെമേൽ വില കൂടിയിട്ടുണ്ടായിരുന്നു. ഇപ്പോൾ അല്പം കുറവുണ്ട്. അങ്ങിനെ കൂടിയിട്ടുള്ളതുതന്നെ ബമ്മാ നഷ്ടപ്പെട്ടതുമൂലമുള്ള ഭക്ഷണസാധനങ്ങളുടെ ദൌർല്ലഭ്യം കൊണ്ടാണ്. എന്നാൽ പുകയിലയുടേയും തീപ്പെട്ടിയുടേയും ഡ്യൂട്ടി കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതു ഗവണ്മെൻറാണ്. അതു ഗവണ്മെൻറിന്റെ പിടിയിൽ നിൽക്കുന്നതും നികത്താവുന്നതുമായ കാര്യമാണ്.

RAJYASEVAPRAVINA G. PARAMESWARAN PILLAI: പുകയില അന്യരാജ്യങ്ങളിൽ നിന്നുമാണു ഇവിടെ വരുന്നതെന്നു മെമ്പറിനറിയാമോ?

MR. CHAZHIKATTU JOSEPH : അറിയാം. എന്നുവരികിലും, തീരുവ ചുമത്തുന്നതിനു ഒരു പരിധിവേണ്ടേ? അതു ദിവസേന കൂട്ടാമോ? ഇപ്പോൾ മുതൽ നാം രൂപാക്കുടി കണ്ടിയിൽ കൂട്ടിയതായി കേൾക്കുന്നു.

MR. P. G. NARAYANAN UNNITHAN: പുകയില മനുഷ്യർക്ക് അത്യാവശ്യമായിട്ടുള്ളതാണോ, അതോ അനാവശ്യമായിട്ടുള്ളതാണോ, ഏതാണു ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായം?

MR. CHAZHIKATTU JOSEPH : മലയാളത്തു മനുഷ്യനും പുകയിലയും തമ്മിലുള്ള ബന്ധം എത്രമാത്രമുണ്ടെന്നും അതിന്റെ ആവശ്യം എത്രത്തോളം കൂടുതൽ ഉണ്ടെന്നും ഉള്ളതിനു കുഞ്ചൻനമ്പ്യാരുടെ ഒരു തുള്ളൽ കഥയിൽ ''ചെമ്പുപൊളിച്ചുഥ വിറകുതുടങ്ങും അമ്പലമുടയവർ പുകയി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikattu Joseph.]

ലതിന്മാൻ'' എന്നു പറഞ്ഞിരിക്കുന്നു. ചെമ്പു മാത്രമല്ല സ്വർണ്ണംതന്നെ ആയാലും കൈമാറാറം ചെയ്യുമ്പോഴും പുകയില വാങ്ങിച്ചുപോകും. മലയാളത്തു് ഒരു ഭവനത്തിൽ ഒരാൾ ചെന്നാൽ ചെന്നയാളിനു് ഒന്നു മുറുക്കാൻ കൊടുത്തില്ലെങ്കിൽ അയതു വലിയ പോരായ്മയാണു്. തിന്നുന്നതിനു പുകയിലയില്ലാതെ ഒരു വീടും ഇരിക്കയില്ല. പുകയിലയുടെ ഇത്രമാത്രം തീരുവ വർദ്ധിപ്പിച്ചതു കഷ്ടമാണു്. ജനദ്രോഹവുമാണു്.

MR. A. K. BHASKAR : ഇതു് ഒരു ലഹരിസാധനമല്ലയോ?

MR. CHAZHIKATTU JOSEPH : പുകയിലയുടെ ലഹരിയെപ്പറ്റി എനിക്കറിഞ്ഞുകൂടാ, ഭക്ഷണസാധനങ്ങൾക്കും മറ്റും വില കൂട്ടതലുള്ള ഈ അവസരത്തിൽ ഇതുപോലുള്ള ഗവണ്മെൻറു നിയന്ത്രണത്തിലുള്ള സാധനങ്ങളുടെ വിലയെങ്കിലും കുറച്ചുകൊടുക്കേണ്ടതു ഗവണ്മെൻറിന്റെ കർത്തവ്യമാണു്.

MR. PULIYOOR T. P. VELAYUDHAN PILLAI : പുകയിലയുടെ വിലയെ നിയന്ത്രിച്ചുകൊണ്ടുള്ള ഗവണ്മെൻറുത്തരവിനെപ്പറ്റി മെമ്പർക്കറിവില്ലയോ?

MR. CHAZHIKATTU JOSEPH : എനിക്കറിയാം. അങ്ങിനെ ഒരു പരിപാടി പത്രത്തിൽ ഉണ്ടായിരുന്നു പക്ഷെ അതൊന്നും നടപ്പുള്ള കാര്യമല്ല. പത്രത്തിൽ കാണുന്ന വിലയ്ക്കു് ആവശ്യക്കാരനു പുകയില കിട്ടുകയില്ല. റാത്തലിനു് ഒരു രൂപാ വിലയുണ്ടായിരുന്നതു് ഇപ്പോൾ 8 രൂപാ വരെ ആയിരിക്കുന്നു. അതുപോലെ തീപ്പെട്ടിയും 8 കാശു വിലയുണ്ടായിരുന്നതു് ഡ്യൂട്ടി കൂട്ടികൂട്ടി ഇപ്പോൾ 2 ചക്രം വരെയായിരിക്കുന്നു.

RAJYASEVAPRAVINA G. PARAMESWARAN PILLAI: തീപ്പെട്ടിക്കുള്ള ഡ്യൂട്ടി ചുമത്തിയിരിക്കുന്നതു്, അതു ബ്രിട്ടീഷ് ഇൻഡ്യയിലെ ഒരു നന്മയെ ഉദ്ദേശിച്ചുകൊണ്ടു ഇവിടേയും അനുകരിച്ചതേയുള്ളു എന്നറിയാമോ?

MR. CHAZHIKATTU JOSEPH : ബ്രിട്ടീഷ് ഇൻഡ്യയിൽ ഡ്യൂട്ടി വച്ചതിന്റെ ഫലമായിട്ടു്, ഇവിടെ ലക്ഷക്കണക്കിനു ലാഭമുണ്ടല്ലോ.

MR. P. G. NARAYANAN UNNITHAN : ഈ വക പണങ്ങളും മറ്റുമാണു പൊതുജനോപകാരത്തിനായി ഗവണ്മെൻറിൽനിന്നും ചെലവാക്കുന്നതെന്നു ബഹുമാനപ്പെട്ട മെമ്പറിനറിയാമോ?

MR. CHAZHIKATTU JOSEPH : ആണ്ടുതോറും കള്ളുഷാപ്പുകളും ചാരായഷാപ്പുകളും വർദ്ധിപ്പിച്ചു്, ചെത്തുപനകളുടേയും തെങ്ങുകളുടേയും എണ്ണം കൂട്ടി ആളുകളെ കൂടുതൽ മദ്യപാനാസക്തരാക്കി ധാരാളം പണം മുതലു കൂട്ടുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. G. NARAYANAN UNNITHAN : മെമ്പർ പ്രതിനിധീകരിക്കുന്ന മീനച്ചിൽതാലൂക്കിലെ ആളുകളുടെ കള്ളുകുടി നിറുത്താൻ സാധിക്കുമോ?

MR. CHAZHIKATTU JOSEPH : ഞാൻ വിചാരിച്ചാൽ കുറെയൊക്കെ സാധിക്കും. കുറെ ആളുകൾ ഞാൻ പറയുന്നതുപോലെ കേൾക്കും.

The House rose for lunch at 2 P. M. and re-assembled at 3 p. m. with the Dewan-President in the Chair.

MR. V. K. VELAPPAN NAIR (*Vaikom cum Kottayam*): ബഡ്ജറ്റ് വിമർശനത്തിനു മെഡിക്കൽ ആൻറ് പബ്ലിക് ഹെൽത്തു ഡിപ്പാർട്ടുമെൻറ് ഇട്ടിരിക്കുന്നതു 36, 37, 38 ഈ നമ്പരുകളിലായിട്ടാണ്. എന്നാൽ ഇതു സാധാരണ ഒടുവിലായതുകൊണ്ടു മെമ്പറന്മാർക്കു ഇതിനെക്കുറിച്ചു പറയാനുള്ളതു മുഴുവൻ പറയുവാൻ സാധിക്കാതെയാണു വരുന്നതു്. ഇതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറായതുകൊണ്ടും മെമ്പറന്മാർക്കു ധാരാളം ഇതിനെക്കുറിച്ചു പറയാനുള്ളതുകൊണ്ടും ഇതിനെ നേരത്തെ പരിഗണിക്കണമെന്നു അപേക്ഷിക്കുന്നു.

PRESIDENT : The suggestion is that the demand under Medical and Ayurveda should come up earlier. What do you say, MR. Chief Secretary?

RAJYASEVAPRAVINA G. PARAMESWARAN PILLAI : That matter may be considered, Sir.

PRESIDENT ; What is the place that the honourable member would fix for them?

MR. V. K. VELAPPAN NAIR : Somewhere between demands 9 and 11.

PRESIDENT : In these matters I am entirely guided by the wish of the House. It has been suggested that demand XXV—Medical and XXVI—Ayurveda should come after Demand IX—Police and before Demand X—Land Revenue and Taxes on Income. Am I right?

MR. V. K. VELAPPAN NAIR : Yes, Sir.

The motion was put and carried.

MR. P. G. NARAYANAN UNNITHAN : The cut motion before the House relates to a question of customs policy. There is very little by way of fiscal autonomy here. Except to the limited extent in the case of export duty there is very little that this House can suggest by way of customs policy. The customs policy of the State is laid down more or less in the Interportal Convention. Within the treaty agreements whatever is possible would be considered.

MR. P. S. MAHOMED : സർ, ആ എഗ്രിമെൻറുകൾക്കു് ഏതെങ്കിലും ഭേദഗതികളുണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. G. NARAYANAN UNNITHAN: Sir, that is a matter which the Government may consider. It cannot be decided by this Government alone. It is therefore not possible to think of any radical change in the policy. For instance, if we want to collect revenue from items imported through British India or Cochin it will not be possible.

The honourable member referred to local industry being encouraged. That aspect has been kept in mind in fixing the rate of duty, for instance, on cocoanut products. The difference in the rates of duty for copra and cocoanut oil will show that it is meant to encourage local milling.

Another point referred to has been about the increase of duty. In regard to the increase of duty on tobacco I had pointed out to the honourable member even in the course of his discourse that in regard to Coimbatore tobacco the increase is only Rs. 30 on a candy of 600 lbs. which works out only to about 1½ chuckrams per pound. When we consider the increase in price in foodstuffs and more essential necessaries this increase is only very little.

MR. CHAZHIKATTU JOSEPH: സർ, റാത്തലിനു ഒന്നരച്ചക്രം വീതമാണ് തിരുവിതാംകൂറിൽനിന്ന് ആകെ ഈ ഇനത്തിൽ എന്തു വരവുണ്ടാകുമെന്നു പറയുവാൻ മേലുണ്ടാകുമോ?

MR. P. G. NARAYANAN UNNITHAN: Yes, Sir. By calculating the import it can be easily said. I can give the information to the honourable member later on so that I may not take much time now.

MR. CHAZHIKATTU JOSEPH: സർ, ഏകദേശം ഒരു ലക്ഷമേക്കാട്ട് അടുത്തുവരുമോ?

MR. P. G. NARAYANAN UNNITHAN: I can inform the honourable member straight away that it is about 50 lakhs lbs. of Coimbatore tobacco or about 10,000 candies that we are getting down. Arithmetical calculation could be easily made on that.

MR. CHAZHIKATTU JOSEPH: അൻപതു ലക്ഷത്തോളം.....

PRESIDENT: Order, Order. This is not a debate.

MR. P. G. NARAYANAN UNNITHAN: Sir, another point which I would bring to the notice of the House is that Travancore is not a tobacco growing country. It is either from Coimbatore or Jaffna that we get this narcotic. The habit has been about 300 years old in this State. We have been only importing it. Attempts have been made to grow them. But in view of the more urgent necessities of food production, that programme has not been continued. Honourable members will notice that according to the latest imposition of excise duty in British India they have increased it by about three annas in the pound. A higher rate of duty, though justifiable, has not been thought of here. When it is remembered that all the world over, for luxuries like tobacco very heavy duties are imposed the honourable House will see that the rate fixed for it in this State is very low.

LIBRARY ARCHIVES Kerala Legislative Assembly

Another point that was stressed was that the poor people have to spend a lot of money for purchase of matches. In the case of matches I may assure the honourable House that this State has no policy of its own. This State is in "pool" with British India. The rate of duty fixed in British India is being adopted and re-published here. But the effect of it, that is, the increase under duty, is certainly shared by this State on a per capita basis. The return last year was Rs. 4,23,436. So, whatever small amount we may have to pay in addition to what we are paying for matches is more than compensated by the increase in State revenue which will go down to the consumer in the form of other utilities. But Sir, the poor people have not to spend much money on match boxes. I am afraid the poor people in our State mentioned by the honourable member if they are not using beedi will not require so much match boxes.

MR. CHAZHIKATTU JOSEPH : സർ, ബീഡി ഉപയോഗിക്കുന്നതു നിറുത്തുക എന്നുവച്ചാൽ ആ ഇനത്തിലുള്ള വരവ് കുറയുമല്ലോ?

MR. P. G. NARAYANAN UNNITHAN : There is no propaganda done by the department for beedis. We are only collecting the duty on what is actually brought into the State. No part of it will be spared from duty. In this State people are used to "തെരിപ്പോട്". If they continue to use it there will be no need for using matches. Some such method may be tried by the really poor who cannot afford to go in for match boxes.

MR. CHAZHIKATTU JOSEPH : സർ, ഒരു പ്രത്യേകസാധനത്തിന്റെ പേരു പറഞ്ഞതു് എന്താണെന്നു മനസ്സിലാകുന്നില്ല.

PRESIDENT : The thirst of the honourable member may be quenched at the end of the speech.

MR. CHAZHIKATTU JOSEPH : ആ പേരു് എന്താണെന്നു മനസ്സിലാകുന്നില്ല.

PRESIDENT : No more questions need be put. I am very loath to prevent the fullest opportunity for debate and the asking of questions. But from a discourse on matches to the husking of paddy is really digressing too far. Whether a particular device or other ingenuity propounded by the Excise Commissioner is successful or not is not a matter that arises out of this motion.

MR. CHAZHIKATTU JOSEPH : തിരുവിതാംകൂറിൽ നെല്ലു കുത്താൻ പാടില്ലെന്നു ബഹുമാനപ്പെട്ട ദിവാൻജി അവർകളും ഉത്തരവ് പാസാക്കിയിരിക്കെ ഉമി കിട്ടുന്നതു് എങ്ങനെയാണ്.

PRESIDENT : Is it the honourable member's suggestion that there is no husk in Travancore?

MR. CHAZHIKATTU JOSEPH : ഉമിത്തീകൊണ്ടു് ബീഡി കത്തിയ്ക്കാമെന്നും മറ്റും പറഞ്ഞു. നെല്ലുകുത്തു നിറുത്തലാക്കിയതിനാൽ ഉമി എങ്ങനെ കിട്ടാനാണ്?

LIBRARY ARCHIVES Kerala Legislative Assembly

MR. P. G. NARAYANAN UNNITHAN: Under the existing customs policy this Government is getting more revenue from export duty than import duty. That is an incidental advantage which is unique and which is derived from the present policy. Apart from the general policy, if honourable members think that any improvements could be made in details, the head of the department and Government will be anxious to consider them, when they are presented. I hope that with this elucidation the honourable member will find his way to withdraw the motion.

MR. K. K. CHELLAPPAN PILLAI: Having regard to the low standard of living in India as well as in Travancore, it will not be advisable to adopt a policy of enhancing revenue by means of duties.

PRESIDENT: In as much as the debate has covered a very important range of subjects and as it is incumbent on the Government to indicate its general customs policy on which it largely depends for its income at present and will also depend increasingly in the future, I think it is necessary for me to outline the State's policy.

As the Excise Commissioner has remarked in the course of his speech, we are working in conjunction with and are under specific treaty relations with the Government of India in regard to the position of Customs Revenue. In the year 1865, the Government of India evolved the policy of having uniform Customs Duties throughout India. Then they stated that every province and every State should as far as possible levy uniform import duties. In England, the general idea of Customs is co-terminous or synonymous with import duties because the question of export duties did not arise in England as England was not an agricultural country or a country exporting primary products. It exported only manufactured products which all through the world are exempt from Customs duties. The basis of English taxation, therefore, was copied in India and it proceeded on the levy of import duties rather than export duties. It was a system peculiar to England and really not suitable to countries like India which are exporters of primary products. It is hoped and trusted that India will cease to be an exporter of primary products very soon, and will on the other hand, be an exporter of manufactured products, but until then the mere adoption of the English rule of levying no export duty but only import duty is not possible to the fullest extent. Moreover, it must be remembered that generally speaking, the doctrine of taxation throughout the world as it has progressed has been in favour of what is called indirect taxation rather than direct taxation. So much so that if the taxation in America, in France, in England and in most other countries is reviewed, it will be found that direct taxation such as land revenue and so forth is very small in comparison with Customs duties and Income-Tax. It may be stated that before the war, the bulk of taxation in fact 8/10th of the total taxation in England was from Income-tax, from tobacco, from tea and from matches. So far as Travancore is concerned, it is common ground that direct taxation here has been even for a longer period than in England, very slight. The direct

LIBRARY ARCHIVES Kerala Legislative Assembly

taxation here is on land. Land Revenue is about Rs. 43 lakhs out of a total anticipated revenue of Rs. 532 lakhs for the next year. It is hoped that by judicious exercise of the powers under the Agricultural Income-tax Act, it would be possible to lessen, if not to eliminate completely land tax in the coming years. In fact it is the avowed policy of the Government, excepting a nominal land tax, to levy as little as possible from the peasant-proprietor, so that land tax would be gradually eliminated from the taxation system of Travancore.

Steps have already been taken in regard to the Agricultural Income-tax and it has been stated by me times without number both in this house and elsewhere that the question of land tax in this country is fraught with special difficulties. Land tax is already obsolete. The survey and the settlement are more than thirty years old. If a new survey and a new settlement have to be inaugurated, it will cost, according to modern computation, about Rs. 3 crores. It is wholly unnecessary because after spending about Rs. 3 crores, what we will find is that in all probability, South Travancore is over-taxed and North Travancore is grossly under-taxed. If adjustments are made with regard to the taxes in South and North Travancore, you will probably get Rs. 40 lakhs or even less by way of land tax after spending about Rs. 3 crores on survey and resettlement. For these reasons the Government have come to the deliberate conclusion that they will not have any resurvey or resettlement, but will gradually lessen and ultimately abolish land tax, excepting to the token extent that each landholder will also pay a certain nominal tax to the State in token of his being a tenant in the State. That is the policy. If that be the policy and the policy that direct taxation should increasingly yield place to indirect taxation is sound, then we come to Customs as the primary and almost exclusive source of taxation, apart from Income-tax. It is the policy of the Government to rely on Customs and Income-tax for their future income.

Now, let me go back to the general Customs policy of the State. As I said before, from 1865 we were levying only a maximum of five per cent by way of import duty on all classes and categories of goods imported into the State. It so happened - I do not wish to discuss the rights and wrongs of the proposition—that in the year 1865 we were levying certain duties and by way of compensation for those duties we are now getting from the British Government a sum of Rs. 42,000 per annum. In other words, the sum of 42,000 is the only amount payable by the British Government to us every year, by way of recompense for the right we had of levying our own duties. Before 1865 we could have levied any import duties we chose. We could have levied any export duties we chose. But we gave up those rights under a system which was applied in all the Indian States and necessarily in British India also. It has been found that the figures from which the sum of Rs. 42,000 was arrived at tremendously differ from the figures of today so that if according to the trade and commerce of today we

LIBRARY ARCHIVES Kerala Legislative Assembly

[President.]

were to be compensated by the British Government, the amount of compensation would be in lakhs and not in thousands. That is a matter which will have to be taken up in due course with the Government of India and the Government of England. When the whole system of the future of the Indian constitution is under discussion, the various units in India will have to make up their minds on these subjects, viz., the system of taxation, the extent to which this should be levied, the extent of local liberty, the extent of provincial or local autonomy and the extent to which that autonomy must be curtailed in the interests of wider India. That is a matter for the future and pending those discussions, therefore, we shall not be able to alter the basis of our taxation.

It was some years ago when I was put a question whether the system of export duties could not be revived. That matter received the consideration of the Government and the Government came to the conclusion that unless the whole basis of taxation were settled in consultation with the government of India and the British Government - and we are not worse off as the result of these negotiations - we should not alter the basis of our taxation.

Now, I shall come to one or two other matters of more topical importance. With regard to tobacco and ganja, we are in this very peculiar position. We are constantly asked by the Government of India why we are consuming so much ganja wholly incommensurate with the consumption anywhere else. But that is a particular luxury which seems to appeal to certain classes of people here. I shall not enter into the reason for this luxury. But if anybody would suggest and carry out a plan for the lesser consumption of ganja and tobacco, the Government would only be too anxious to aid in those efforts. So far as tobacco is concerned, it is more or less like drink. It is a luxury. So far as the Government's policy is concerned, any attempt merely to canalise this consumption of tobacco or drink is worthy of emulation and following, but the depriving of the State of the income either from Excise or Customs will not solve the problem. Because, if the people of the place want to have tobacco notwithstanding the medical opinion which seems to have declared more than once that 60 to 70 per cent of the cases of oral cancer, a disease which is most common in Travancore, are due to the habit of keeping at the corner of one's mouth quids of tobacco, the question will be whether the Government should deprive themselves of the income derived from that source. Considering that tobacco and tea are luxuries, the question of taxing them and taxing them high is one which is wholly defensible.

As regards matches, the position has already been explained. The system pursued in India is as follows. It has been found that people in India consume matches in proportion to their population. We have got the advantage of being a highly populated country. The result, therefore, is that we get 6/400th of the duty levied by the Government of India. If we start our own match factory here, contributing say,

LIBRARY ARCHIVES Kerala Legislative Assembly

one or two lakhs, that amount will be deducted. In other words, it would be more satisfactory for us, if we are thinking of it only from the selfish point of view, to forbid the starting of match factories here, because we can get 6/400th of the duty levied irrespective of the fact that we build a factory of our own or not. Having regard to the fact that this State produces timber and wood specially suitable for the manufacture of matches and notwithstanding the possible deprivation of an income derived from matches, the State has resolved to give all possible support to the match industry and I am glad to say that during the course of the next two or three years, we need not import any matches from outside. If that consummation is reached, the question of the Match Duty may then arise for solution.

The Motion, by leave, was withdrawn.

Motion No. 4.

MR. V. K. VELAPPAN NAIR : Sir, I move the following motion.

"To reduce the allotment of Rs. 1,78,263 for Customs by Re. 1"

(To impress upon the Government the necessity to establish a customs chowkey at Nirppara Excise Station on the frontiers in Vaikom taluk)

ഇതോട് കൂടി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതു നീർപ്പാറ ഒരു എക്സൈസ് ചെക്കു സ്ഥാപിച്ചു കിട്ടണമെന്നുള്ളതാണു. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങൾക്കിടയിൽ തിരുവ സംബന്ധിച്ചു് പൊതുവായും ചെക്കുകളിലുള്ള സിൽബന്ധികളുടെ നടപടികളെപ്പറ്റി പ്രത്യേകമായും ഈ സഭയിലെ ബഹുമാനപ്പെട്ട സാമാജികന്മാരിൽ പലരും പല പ്രതിഷേധങ്ങളും പുറപ്പെടുവിച്ചിരിക്കുന്ന ഈ അവസരത്തിൽ കൂടുതൽ ചെക്കു വേണമെന്നു ജനപക്ഷത്തുനിന്നും ആവശ്യപ്പെടുന്നതു ഒരുപക്ഷേ വിചിത്രമായി തോന്നിയേക്കാം. എന്നാൽ ചെക്കു സ്ഥാപിച്ചുകിട്ടണമെന്നു പറയുന്ന പ്രദേശം കൊച്ചിക്കും തിരുവിതാംകൂറിനും മദ്ധ്യേയുള്ള ഒരു ഭാഗത്താണു്. കൊച്ചിയിലെ മുളന്തുരുത്തി, കാഞ്ഞിരമുറ്റം മുതലായ സ്ഥലങ്ങൾക്കും തിരുവിതാംകൂറിലെ ഏനാതി, ബ്രഹ്മമംഗലം മുതലായ സ്ഥലങ്ങൾക്കും ഇടയ്ക്കു സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണിതു്. ഈ പ്രദേശങ്ങളിലെ ആളുകൾതമ്മിൽ പരസ്പരമുള്ള ബന്ധുത്വംകൊണ്ടു നിത്യപ്രതിമാറ്റത്തിനു ആവശ്യമുള്ളവരാണു്. ഈ സ്ഥലത്തു ഒരു ചെക്കുയുടെ അഭാവംമൂലം തിരുവ ചരക്കുകൾ കൊണ്ടുപോകാൻ പ്രായേണ ധാരാളം വിഷമങ്ങൾ ഉണ്ടെന്നു ഗവൺമെൻറിനെ ഞാൻ അറിയിച്ചുകൊള്ളുന്നു. ഈ ചെക്കു കാലാന്തരത്തിൽ തിരുവിതാംകൂറിലെ ചെക്കുകളിൽ ഒരു പ്രധാനസ്ഥാനം അലങ്കരിക്കുവാൻ ഇടയുണ്ടെന്നു എനിക്കു ഈ സഭയെ ഇപ്പോൾ തന്നെ മനസിലാക്കുവാൻ കഴിയും. വൈക്കം ഏറുമാനൂർ റോഡിൽ പന്ത്രണ്ടാം

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Velappan Nair.]

മൈലിൽനിന്നും നീർപ്പാറക്കു ഒരു പുതിയ റോഡുണ്ടാക്കാനായി തുക അനുവദിക്കുകയും ഏതാനും ജോലികൾ കഴിഞ്ഞുകൊല്ലത്തിൽ ചെയ്തു തീർക്കുകയും ചെയ്തു. ഇക്കൊല്ലത്തിലും അതിലേക്കു ഒരു തുക അനുവദിച്ചിട്ടുണ്ട് ഈ റോഡിന്റെ ആകെദൂരം നാലര മൈൽ മാത്രമാണ്. ഇത്രയുംദൂരം റോഡുപണി തീർന്നാൽ തുപ്പുണിത്തുറ, എറണാകുളം മുതലായ സ്ഥലങ്ങളിൽ കിഴക്കൻതാലൂക്കുകളിൽ നിന്നും എത്തിച്ചേരുന്നതിന് ഇപ്പോഴത്തേതിലും ഏഴെട്ടുമൈലിന്റെലാഭംകിട്ടും. വിശേഷിച്ചും വൈക്കത്തുനിന്നും കൊച്ചിക്കുള്ള യാത്രക്കു രണ്ടു കടത്തുകടക്കേണ്ടതിൽ ഒന്നിന്റെ കുറവുമുണ്ടാകും. റോഡിന്റെ പണി പൂർത്തിയാകുമ്പോൾ നീർപ്പാറ ഒരു പ്രധാന ചന്തസ്ഥലമായി തീരുമെന്നുള്ളതിനു പക്ഷാന്തരമില്ല. നിതിപൂർവമായി ജീവിതം നയിക്കുന്നതിനാഗ്രഹിക്കുന്ന ജനസാമാന്യത്തിനു അവരുടെ ജീവിതചര്യകളിൽ വ്യാജം പ്രവർത്തിക്കാതെ ഇരിക്കുന്നതിനുള്ള സൗകര്യം ഗവണ്മെന്റു അറിഞ്ഞു ചെയ്തുകൊടുക്കണമെന്നുള്ളതാണു ഈ ഉപക്ഷേപം മൂലം ഞാൻ ഉദ്ദേശിക്കുന്നതു്.

MR. P. G. NARAYANAN UNNITHAN : സർ, ബഹുമാനപ്പെട്ട മെംബർ ഇപ്പോൾ പറഞ്ഞ സ്ഥലം തിരുവിതാംകൂറിനും കൊച്ചിക്കും മദ്ധ്യേയുള്ള ഇല്ലിക്കോട്ട അതൃത്തിയിൽപ്പെട്ട ഒരു സ്ഥലമാണ്. കീച്ചേരി മുതൽ മാമലവരെ ഏകദേശം ൨ ൪ മൈൽ നീളത്തിൽ കൊച്ചിയും തിരുവിതാംകൂറുമായി സംഘടിച്ചിരിക്കുന്ന ഈ ഭാഗത്താണ് ഇല്ലിക്കോട്ട. പണ്ടു ഈ ഭാഗത്തു വലുതായ ഒരു കാടാണ് ഉണ്ടായിരുന്നതു്. ഈ ൨ ൪ മൈലിനിടയിൽ നാലഞ്ചു പ്രിവൻറീവ് സ്റ്റേഷൻസ് വച്ചു കളവായി, തീരുവ തീർക്കാതെ, സാമാനങ്ങൾ കൊണ്ടുപോകാതെ തടസ്സം ചെയ്യുന്നുണ്ട്. നീർപ്പാറ മുതലായ എല്ലാ സ്റ്റേഷനിലേക്കും ബീറുകാർ ഇപ്പോഴുപോയി ബീറു ചെയ്തുവരുന്നു. പ്പോഴും അതുകൾ ആ പ്രദേശത്തുകൂടെ അല്പസ്വല്പമായി നടന്നുപോകുന്നുണ്ട്. എന്നാൽ അവരുടെ സൗകര്യത്തിനുവേണ്ടി തിരുവസാമാനങ്ങൾ സമീപമുള്ള ചന്തക്കും വഴി തിരുവതിർത്താണ് കൊണ്ടുപോകുന്നതു്.

MR. K. R. NARAYANAN : നീർപ്പാറക്കു ഏറ്റവും അടുത്ത ചന്ത സ്റ്റേഷൻ ഏതാണെന്നു സഭയെ പ്രസ്താവിക്കുമോ?

MR. P. G. NARAYANAN UNNITHAN : ഉദയംപേരൂരാണ്.

MR. K. R. NARAYANAN . ഇവക്കു രണ്ടിനും തമ്മിൽ ഏകദേശം ൧൰ മൈൽ അകലമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. P.G. NARAYANAN UNNITHAN: ഉണ്ട്. ഇരു അനുസരിച്ച് ചരക്ക കടം എർപ്പെടുത്താൻ നിവർത്തിയില്ല.

MR. K. R. NARAYANAN: നീർപ്പാറയുടെ മുറംവരെ കൊച്ചിയിൽ നിന്നും ഒരു റോഡു വരുന്നതായി അറിയാമോ ?

MR. P. G. NARAYANAN UNNITHAN. അറിയാം. അതിനെയും ഡിപ്പാർട്ടുമെൻറിൽ നിന്നും യാതൊന്നും ചെയ്യാൻ നിവർത്തിയില്ല. റോഡു തിരുവിതാംകൂറിലേക്ക് തുടർന്നുവരുന്നസമയം ചരക്ക സ്ഥാപിക്കേണ്ടതു ആവശ്യമാണ്. സൗകര്യത്തിനുവേണ്ടി അനുവാദവും വേണം. ഈ വിശദീകരണത്തോടുകൂടി ബഹുമാനപ്പെട്ട മെമ്പർ ഉപക്ഷേപം പിൻ വലിക്കണമെന്നപേക്ഷിക്കുന്നു.

The motion was, by leave, withdrawn.

Motion No. 5.

MR. K. G. KESAVAN NAIR (*Changanacherry* cum *Peermade*): Sir, I beg to move the following motion;

'To reduce the allotment of Rs. 1,78,263 for customs by Re. 1.'

My object is to discuss about the desirability of the abolition of prohibitions and restrictions imposed by Government in the export of tapioca and tapioca flour from our place. Two days ago, ths Dewan President declared that it is the policy of Government not to allow any export of tapioca in any of its forms unless and until the food situation in the state is improved favourably. I quite understand that position. I also appreciate the Government's intentions underlying that policy. While doing so, I desire to impress on the Government the necessity of departing a little bit from that policy. It is a fact that has been admitted on all hands, that Travancore produces a larger quantity of tapioca perhaps in the whole world. Till recently tapioca has been an article of food only.

RAJYASEVANIRATHA S. CHATTANATHA KARAYALAR: Sir, on a point of order. There is no question of customs duty involved in this matter. If at all there is anything, there is complete prohibition of export of that commodity. Therefore, is the member right in referring to duty ?

MR. K. G. KUNJUKRISHNA PILLAI; There is a duty imposed on flour. Hence the member is right in referring to it.

MR. K. G. KESAVAN NAIR: Sir, till recently, tapioca was considered as an article of food. But recently it has become a raw product for home industry, that is for converting tapioca into flour and using it for purposes of starch.. Till the outbreak of war, cheap starch was imported into India for several years from America and Japan. After the declaration of hostilities, import of foreign starch was found to be impossible and it was the best occasion for the cultivators of Travancore to produce flour from tapioca and export it to different parts of India.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. G. Kesavan Nair.]

Travancore found a magnificent market in British India for tapioca. I may atonce submit that I do not see such a useful and magnificent home industry as our tapioca industry. The condition of our people is poor and they can produce tapioca flour in bigger quantities. The benefit of that goes to the cultivators of our country. The income of the cultivators has increased by leaps and bounds as our tapioca fetches a very good price outside Travancore.

PRESIDENT: The honourable member may take it that if we did not stop the export of tapioca, we should have been getting every month some thing like Rs. 3½ to 4 lakhs. In other words, according to the price that is ruling now in Bombay for tapioca, our loss of revenue per annum will be between Rs. 40 to 50 lakhs. Almost all the important industries of India have approached this Government to allow them to take tapioca away by giving us this 50 lakhs. But that has been declined.

MR. K. G. KESAVAN NAIR: Now, there is truth in the statement that we are losing a good revenue on that account. But there is another aspect to be considered. We are spoiling the future of that industry. Immediately after the cessation of hostilities, foreign starch will be dumped in our market when we may not be able to compete with foreigners in that line. Therefore, the rule has to be relaxed to some extent. Another suggestion is this. Of late, it is my impression that tapioca cultivation has been going on in a very intensive manner and that there may be some excess of tapioca after what is needed for consumption in our own country. Under such circumstances, a portion of tapioca produced in this State may be allowed to be exported outside to British Indian Provinces.

PRESIDENT: The time for the demand having expired, the whole grant is to be put to vote.

The question that Government be granted a sum of Rs. 12,15,948 under Demand I—Excise Department—was put to vote and carried.

The motion was passed.

The grant was made.

DEMAND II—ELECTRICITY AND TELEPHONE.

RAJYASEVAPRAVINA K. P. PADMANABHA MENON: Sir, I rise to move for a grant of Rs. 59,53,915 under Demand II—Electricity and Telephone.

MR. K. G. KUNJUKRISHNA PILLAI: May I make a submission, Sir, Motion No 21 is out of order. With regard to other items, except Nos. 23 and 32 they relate to local needs. Following the precedents of this house, I submit that all these gentlemen may be allowed to speak on any one of these motions and then it will be easier for the Government member to reply.

PRESIDENT: I am glad that the honourable member has raised the point. It will be seen that on account of an imperfect acquaintance with the procedure of the House, the discussion in the House has not

LIBRARY ARCHIVES Kerala Legislative Assembly